2017 ഫെബ്രുവരി 25
വാല്യം 10
ലക്കം 04

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

# മനശെ ജൂതരുടെ കുടിയേറ്റം തുടരുന്നു

● പ്രകാശ് പി. കോശി

യിസ്രായേലിലെ നഷ്ടപ്പെട്ടുപോയ മനശെ ഗോത്രത്തിന്റെ പിൻതുടർച്ചക്കാർ എന്ന് വിളിക്കുന്ന ബിനയി മനശെ യഹൂദരുടെ കുടിയേറ്റം തുടരുന്നു. ഇന്ത്യയിലെ മിസോറാം, മണിപ്പൂർ സംസ്ഥാനങ്ങളിലാണ് ബിനയി മനശെ ജൂതരെ കണ്ടുവരുന്നത്. ഫെബ്രുവരി രണ്ടാം വാരത്തിൽ 102–ാം മനശെ ജൂതർ മിസോറാമിൽ നിന്ന് യിസ്രായേലിലേക്ക് കുടിയേറി. ആദ്യത്തെ സംഘം ഫെബ്രുവരി 12–ാം തീയതി യിസ്രായേലിൽ എത്തി. ശെവായി യിസ്രായേൽ എന്ന സംഘടനയാണ് കുടിയേറ്റത്തിനുള്ള അവസരം ഒരുക്കിയത്. 2014 ജനുവരി മാസത്തിലാണ് ബിനയി മനശെ ജൂതരുടെ ആദ്യസംഘം മിസോറാമിൽ നിന്ന് യിസ്രായേലിൽ എത്തിയത്.




2700 വർഷങ്ങൾക്ക് മുൻപാണ് അസീറിയൻ സാമ്രാജ്യത്തിന്റെ കാലയളവിൽ മനശെ ഗോത്രം പ്രവാസത്തിലേക്ക് പോയത്. 27 നൂറ്റാണ്ടുകൾക്ക് ശേഷം ഇവരെ വടക്ക് – കിഴക്കൻ സംസ്ഥാനങ്ങളിൽ കണ്ടുകിട്ടിയത്. ഇത് സാമൂഹ്യ ശാസ്ത്രജ്ഞർക്ക് ഒരു പ്രഹേളികയാണ്. സിൽക്ക് റൂട്ട് വഴി അനേകം രാജ്യങ്ങൾ സഞ്ചരിച്ച് ഇവർ മണിപ്പൂരിലും, മിസോറാമിലും എത്തിയെന്ന് കരുതുന്നു.



ബിനയി മനശെ യഹൂദ സംഘം ഡൽഹി ഇന്ദിര ഗാന്ധി ഇന്റർ നാഷണൽ എയർപോർട്ടിൽ യിസ്രായേലിലേക്കുള്ള വിമാനത്തിനായി കാത്തിരിക്കുന്നു.

1980, 90 –കളിൽ ചെറിയ സംഘങ്ങളായി ഇവർ യിസ്രായേലിൽ കുടിയേറി എങ്കിലും 2000–ന് ശേഷമാണ് വലിയ തോതിൽ കുടിയേറ്റം ആരംഭിച്ചത്.

ശെവായി യിസ്രായേലാണ് ഇവർക്ക് എല്ലാ സഹായവും ഒരുക്കികൊടുത്തത്. യിസ്രായലിലെ പ്രമുഖ റബ്ബിമാർ ഇവരെ യഹൂദരായി ആദ്യം അംഗീകരിച്ചില്ല. എന്നാൽ 2005–ൽ റബ്ബി ശ്ലോമോ അമർ ബിനയി മനശെ ജൂതരെ യിസ്രായേലിലെ നഷ്ടപ്പെട്ടുപോയ പത്ത് ഗോത്രങ്ങളുടെ പിൻഗാമികൾ എന്ന് അംഗീകരിച്ചു.

എന്നാൽ 2012–വരെ യിസ്രായേൽ ഗവൺമെന്റ് കുടിയേറ്റം നിർത്തിവെച്ചു.



ഇതുവരെ 3000 പേരാണ് മണിപ്പൂർ, മിസോറാം സംസ്ഥാനങ്ങളിൽ നിന്ന് യിസ്രായേലിലേക്ക് കുടിയേറിയത്. ഇനിയും 7000 പേർ കുടിയേറ്റത്തിന് തയ്യാറായി നിൽക്കുന്നു.

മംഗോളിയൻ ശാരീരിക ലക്ഷണങ്ങൾ ഉള്ള ബിനയി മനശെ അംഗങ്ങൾ യിസ്രായേലിൽ നസറേത്തിൽ താമസിക്കും എന്ന് ജെറുസലേം പോസ്റ്റ് റിപ്പോർട്ട് ചെയ്യുന്നു.

## നാക്കോഗ് 2017 ഒരുക്കങ്ങൾ പുരോഗമിക്കുന്നു



റവ. റ്റിം ഹിൽ



റവ. പി. ഐ. എബ്രഹാം (കാനം അച്ചൻ)



പാസ്റ്റർ അനീഷ് ഏലപ്പാറ

**അറ്റ്ലാന്റാ:** ഇരുപത്തിരണ്ടാമത് നോർത്തമേരിക്കൻ ദൈവസഭ സമ്മേളനം ഹൂസ്റ്റൺ ജോർജ് ബുഷ് എയർപോർട്ടിനടുത്തുള്ള ഹിൽട്ടൺ ഹോട്ടലിൽ വച്ച് ജൂലൈ 13 മുതൽ 16 വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

അമേരിക്കയിലും കാനഡയിലുള്ള ദൈവസഭാ വിശ്വാസികളുടെയും ഹൂസ്റ്റണിലുള്ള എല്ലാ സുവിശേഷ സ്നേഹികളുടെയും ഈ ആത്മീയ സംഗമം എല്ലാ നിലയിലും വിജയപ്രദമാക്കാനുള്ള വിപുലമായ ക്രമീകരണങ്ങൾ നാഷണൽ ലോക്കൽ കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ഈ വർഷത്തെ സമ്മേളനത്തിൽ ദൈവസഭകളുടെ ജനറൽ ഓവർസിയർ റവ. റ്റിം ഹില്ലിനെ കൂടാതെ കേരളത്തിൽ നിന്നും റവ. പി. ഐ. എബ്രഹാം(കാനം അച്ചൻ), പാസ്റ്റർ അനീഷ് ഏലപ്പാറ എന്നിവർ മുഖ്യ പ്രസംഗകരായിരിക്കുമെന്നു എക്സിക്യൂട്ടീവ് കമ്മറ്റി അറിയിച്ചു. കൂടാതെ അമേരിക്കയിലും കേരളത്തിലുമുള്ള പ്രഗത്ഭരായ മറ്റു ദൈവദാസന്മാരും വചനം പ്രഘോഷിക്കും.

സമ്മേളനത്തിന്റെ ആദ്യ രജിസ്ട്രേഷൻ കിക്ക് ഓഫ് മീറ്റിംഗ് നവംബർ 19–ന് ലോക്കൽ കോർഡിനേറ്റർ റവ. ജോൺ തോമസിന്റെ അദ്ധ്യക്ഷത

05

## ഐ.പി. സി. കർണ്ണാടക സ്റ്റേറ്റ് കൺവൻഷൻ




**ബംഗളൂരു:** ഐ.പി.സി. കർണ്ണാടക – ഗോവ സ്റ്റേറ്റ് 30–ാമത് വാർഷിക കൺവൻഷൻ ഫെബ്രുവരി 8–12 വരെ ഹൊരമാവ്, അഗര ഐപിസി ഹെഡ് ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ നടന്നു. പ്രസിഡന്റ് പാസ്റ്റർ ടി.ഡി.തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ജേക്കബ് ജോൺ, വിൽസൺ ജോസഫ്, കെ. സി. ജോൺ, സാം ജോർജ്, ഫിലിപ്പ് പി. തോമസ്, ഫിന്നി സാമുവേൽ, ടി.ഡി.തോമസ്, കെ.എസ് ജോസഫ്, നൂറുദ്ദീൻ മുള്ള, സാം സങ്കേശ്വർ, സിസ്റ്റർ സ്റ്റാർല ലൂക്ക് എന്നിവർ പ്രസംഗിച്ചു. ബുധനാഴ്ച രാവിലെ നിർധന

04

## സാക്ഷി



ഒടുവിൽ ശശികല അഴിക്കുള്ളിൽ ആയി.

*നമ്മുടെ ഇടയിലും*
*ഇതുപോലൊരു നീക്കം*
*നടന്നിരുന്നെങ്കിൽ ആരൊക്കെ*
*അഴിക്കുള്ളിൽ ആകുമോ*
*ആവോ!*

## പാസ്റ്റർ കെ.സി.ജോണിന്റെ പ്രസംഗ സുവർണ്ണ ജൂബിലി



**നെടുമ്പ്രം:** പ്രഭാഷണവേദിയിൽ 50 വർഷം പൂർത്തിയാക്കിയ പ്രസിദ്ധ പ്രഭാഷകനും ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ സെക്രട്ടറിയുമായ പാസ്റ്റർ കെ.സി.ജോണിനെ നെടുമ്പ്രം പൗരാവലിയും ഐപിസി ഗോസ്പൽ സെന്റർ സഭയും ചേർന്ന് അനുമോദിച്ചു.

പ്രഭാഷണകൃപയുടെ സുവർണ്ണജ്വാല എന്ന പ്രത്യേക പരിപാടിയിൽ പാസ്റ്റർ ഏബ്രഹാം ചെറിയാൻ അധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത്ത് അംഗം സാം ഈപ്പൻ, വിവിധ രാഷ്ട്രീയ–സാമൂഹിക പ്രവർത്തകരായ ആർ.സനൽകുമാർ, സതീഷ് ചാത്തങ്കേരി, കെ.ആർ പ്രതാപചന്ദ്രവർമ്മ, അരുന്ധതി അശോക്, റേച്ചൽ ബേബി, റിൻസൺ തോമസ്, ജോജി ഐപ്പ് മാത്യൂസ്, സുധി ഏബ്രഹാം, പാസ്റ്റർ സി.പി.മോനായി എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ കെ.സി. ജോൺ മറുപടി പ്രസംഗം നടത്തി.

## ഒമാനിൽ മലയാളി നേഴ്സ് കൊല്ലപ്പെട്ടു



**ഒമാൻ–സലാല:** പെരുമ്പാവൂർ ശാരോൻ സഭാംഗം ജീവൻ സെബാസ്റ്റ്യന്റെ ഭാര്യ ഷെബിൻ (30) കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. വ്യാഴം (16.02.2017) വൈകുന്നേരം ദോഫാർ ക്ലബിനു സമീപമുള്ള ഇവർ താമസിക്കുന്ന ഫ്ളാറ്റിലാണ് മൃതദേഹം കണ്ടത്. സ്വകാര്യ ക്ലിനിക്കൽ നേഴ്സ് ആയി ജോലി ചെയ്യുകയായിരുന്നു. ഹോട്ടലിൽ ഷെഫ് ആയി ജോലി ചെയ്യുന്ന ജീവൻ വീട്ടിൽ വന്നപ്പോഴാണ് മൃതദേഹം കണ്ടത്. പോലീസ് പരിശോധന നടത്തി വരികയാണ്. ഇടുക്കി നെടുങ്കണ്ടം സ്വദേശിനിയാണ് ഷെബിൻ. സലാലയിൽ മലയാളി സമൂഹം വളരെ ഭീതിയിലാണ്. രണ്ടാഴ്ചക്കിടെ സലാലയിൽ കൊല്ലപ്പെടുന്ന രണ്ടാമത്തെ മലയാളി യുവതിയാണ് ഷെബിൻ. പോലീസ് അന്വേഷണം ആരംഭിച്ചു.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

# ശശികല നൽകുന്ന പാഠം






ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

അധികാരം അഴിമതിക്ക് മറയാക്കുന്ന ഭരണാധികാരികൾക്ക് കിട്ടിയ ശക്തമായ മുന്നറിയിപ്പാണ് ശശികലയ്ക്ക് ഉണ്ടായ അനുഭവം. രണ്ട് പതിറ്റാണ്ടിലേറെ തമിഴ് ജനതയെ വിഡ്ഢികളാക്കി ഭരണത്തിന്റെ തണലിൽ നൂറുകണക്കിന് കോടി രൂപയാണ് ശശികലയും കൂട്ടരും അടിച്ചുമാറ്റിയത്. സിനിമ ഭ്രാന്തരായ തമിഴ് ജനതയുടെ അജ്ഞത മുതലാക്കി സിനിമക്കാർ പതിറ്റാണ്ടുകളായി തമിഴകം ഭരിച്ചുവരുന്ന കാഴ്ചയാണ് കാണുവാൻ കഴിയുന്നത്. എന്നാൽ ഇക്കഴിഞ്ഞ ദിവസങ്ങളിൽ തമിഴ് ജനതയുടെ പ്രതികരണം ആശാവഹമാണ്. ഇന്ത്യയുടെ ശാപമാണ് അഴിമതിയെന്നതിൽ സംശയമില്ല. അതിനു മറയായി രാഷ്ട്രീയം മാറുന്നു എന്നത് ഭയാനകമായ വസ്തുതയാണ്. അതുകൊണ്ട് തന്നെ ബ്യൂറോക്രസിയും അഴിമതിയുടെ ഭാഗമായി മാറുന്നു. രാജ്യപുരോഗതിക്ക് ഉതകേണ്ട പണം ഇങ്ങനെ വഴിമാറുമ്പോൾ പൊതുജനം കാഴ്ചക്കാരായി നിന്ന് പരിതപിക്കേണ്ട അവസ്ഥയാണ്. ജനങ്ങൾ ഇത്തരം സാഹചര്യങ്ങളിൽ പ്രതീക്ഷ അർപ്പിക്കുന്നത് ജുഡീഷ്യറിയിലാണ്. പലപ്പോഴും കോടതി വിധികളിലൂടെ അഴിമതിക്കാർ രക്ഷപ്പെടുന്നത് നമ്മൾ കാണുന്നത് നമ്മെ അമ്പരിപ്പിക്കാറുണ്ട്. നിയമത്തിന്റെ പഴുതുകളിലൂടെ കുറ്റവാളികൾ രക്ഷപ്പെടുകയാണ്. എന്നാൽ ഇക്കുറി കഥ മാറി. ന്യായാധിപൻ കർശനനിലപാട് എടുത്തതോടെ അഴിമതിക്കാർ അഴിക്കുള്ളിലായി. കയ്യൂക്കുകൊണ്ട് ഭരണം നടത്തി വന്ന മന്നാർഗുഡി സംഘത്തിന്റെ അഴിമതി കഥകൾ ആരെയും അമ്പരിപ്പിക്കുന്നതാണ്. ഇന്ന് ജീവിച്ചിരുന്നെങ്കിൽ ജയലളിതയും അഴിക്കുള്ളിൽ അന്തിയുറങ്ങേണ്ടി വന്നേനെ. ഒരർത്ഥത്തിൽ മരണം അനുഗ്രഹമായി എന്ന് പറയാം. ജയലളിതയെ മുന്നിൽ നിർത്തി ശശികലയും സംഘവും നടത്തിയ അഴിമതികളാണ് എന്ന വാദം പൊതുവെ ഉയർന്നുകേൾക്കുന്നുണ്ട്. ഈ സംഘത്തിൽ നിന്നും രക്ഷപ്പെടുവാനും അകന്നുനിൽക്കുവാനുമുള്ള ജയലളിതയുടെ ശ്രമങ്ങൾ ലോകം കണ്ടതാണ്. തന്റെ പരാജയങ്ങളെ തിരിച്ചറിഞ്ഞ് ജനോപകാരപ്രദമായ നിലയിൽ ഭരണം നടത്തിയ ജയലളിത മികച്ച ഭരണാധികാരിയെന്ന പേരിന് അർഹയായി മാറിയിരുന്നു. സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടികളായിരുന്നു തന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ജയലളിതയുടെ മരണത്തിലും ദുരൂഹത ഉണ്ടെന്ന് വിശ്വസിക്കുന്നവരാണ് ഭൂരിപക്ഷംപേരും.

ജയലളിതയുടെ മരണത്തോടെ അധികാരത്തിൽ പിടിമുറുക്കുവാൻ നടത്തിയ എടുത്തുചാട്ടം ശശികലയ്ക്ക് വിനയായി. ശശികല ജയിലറയ്ക്കുള്ളിൽ ആയെങ്കിലും അഴിമതിക്കാരുടെ വലിയ സംഘം തമിഴകത്ത് ഭരണത്തിലും പിന്നാമ്പുറത്തും ഉണ്ട് എന്നത് ആശങ്കയുളവാക്കുന്നതാണ്. എന്നാൽ തമിഴ് ജനതയുടെ ശക്തമായ പ്രതികരണത്തിൽ ശശികലയുടെ ബിനാമി ഭരണം തറപറ്റുമെന്നാണ് തോന്നുന്നത്.

നിസ്വാർത്ഥമായി ചെയ്യേണ്ട സേവനമായിട്ടാണ് രാഷ്ട്രീയ പ്രവർത്തനത്തെ ഒരു കാലത്ത് കണ്ടിരുന്നത്. അതുകൊണ്ടുതന്നെ രാഷ്ട്രീയ പ്രവർത്തകരെ ബഹുമാനത്തോടെ കണ്ടിരുന്ന നാടാണ് നമ്മുടെ ഭാരതം. കാലം മാറിയപ്പോൾ കൊള്ളക്കാരും ഗുണ്ടകളുമൊക്കെ അധികാരത്തിന്റെ തണലിൽ എത്തിച്ചേർന്നു. മൂല്യം നഷ്ടപ്പെട്ട രാഷ്ട്രീയ രംഗം അഴിമതിയുടെ കൂത്തരങ്ങായി മാറി. എങ്കിലും ഇടയ്ക്കിടെ മിന്നുന്ന ചില രാഷ്ട്രീയക്കാർ പ്രതീക്ഷ നൽകാറുണ്ട്. അഴിമതി തുടച്ചുനീക്കി ഭാരതത്തെ ലോകത്തിന്റെ മുമ്പിലെത്തിക്കുവാനുള്ള യത്നം വിജയിക്കുക എന്നത് കഠിനമായ തപസ്യ തന്നെയാണ്.

ഇതിലും വലിയ അഴിമതിയാണ് ആത്മീയരുടെ ഇടയിലും നടക്കുന്നത്. ഒന്നുമില്ലാതെ പട്ടിണി പാവങ്ങളായി സുവിശേഷ വേലയ്ക്ക് ഇറങ്ങിയ ബഹുഭൂരിപക്ഷവും ഇന്ന് കോടീശ്വരരായി മാറിക്കഴിഞ്ഞു. സുവിശേഷത്തിന്റെ മറവിൽ നടത്തുന്ന തട്ടിപ്പും വെട്ടിപ്പുകളുമാണ് ഇത്തരക്കാരെ കോടീശ്വരന്മാരാക്കി മാറ്റിയത്. സ്റ്റേജുകളിൽ ലാളിത്യവും നീതിയും പ്രസംഗിക്കുന്നവർ യഥാർത്ഥ ജീവിതത്തിൽ വലിയ കൊള്ളക്കാരെക്കാൾ ഭീകരരാണ്. തട്ടിപ്പും വെട്ടിപ്പും ആണ് ഇക്കൂട്ടരുടെ മുഖമുദ്ര. ഗുണ്ടായിസം മുതൽ വിവിധ തട്ടിപ്പുകൾ വരെ ഇക്കൂട്ടർ നടത്തുന്നു. ആദിമകാലത്തെ അനുഭവങ്ങൾ ഇന്ന് വെറും കേട്ടുകേൾവി മാത്രം. ഭരണം കൈയ്യാളുന്നവർ കൊള്ളക്കാരായി മാറുമ്പോൾ സാധാരണ ജനങ്ങൾ അമ്പരപ്പോടെ നോക്കി നിൽക്കുകയാണ്. അവരും ഒരു ന്യായാധിപനെ പ്രതീക്ഷിക്കുന്നുണ്ട്. ജയലളിതയെയും ശശികലയെയും ശിക്ഷിക്കുവാൻ തന്റേടം കാട്ടിയ ന്യായാധിപനെപ്പോലെ ഒരുവൻ നിയമപുസ്തകത്തിൽ മായം ചേർക്കാതെ അതിൽ ഉൾക്കൊണ്ട നിയമങ്ങൾക്ക് അനുസൃതമായി വിധി പ്രസ്താവിക്കുന്ന നീതിയുടെ ന്യായാധിപതി. ഇവിടെ സാധാരണ വിശ്വാസികളുടെയും ശുശ്രൂഷകരുടെയും നെടുവീർപ്പും സങ്കടവും അറിയുന്ന ആ ന്യായാധിപതിയുടെ കരം വെളിപ്പെടാതിരിക്കില്ല. അടക്കിഭരിച്ചവരും ഗുണ്ടായിസം കാട്ടിയവരും നീതിയോടെ ന്യായം വിധിക്കപ്പെടുമ്പോൾ താളടിയായി മാറും. ശശികലയുടെ അനുഭവം അഴിമതിക്കാരായ ആത്മീയ നേതാക്കന്മാർക്കും പാഠമാകണം. എല്ലാറ്റിനും കണക്ക് ബോധിപ്പിക്കേണ്ട ഒരു ദിനംവരുന്നുണ്ട്. നീതിയുള്ള ന്യായാധിപനായി ക്രിസ്തു ന്യായാസനത്തിൽ ഇരിക്കുന്ന ദിനത്തിൽ കണക്ക് പറയേണ്ടി വരുമെന്ന ബോധ്യം ഉണ്ടാകട്ടെ. ഭയത്തോടെയും വിറയലോടെയും ഈ പ്രവാസജീവിതം നടത്തേണ്ടവരാണ് എന്ന് തിരിച്ചറിയുക. കാരണം അവന്റെ വിധിയെ തടയുവാൻ ആർക്കും സാധ്യമല്ല. അവൻ മുഖപക്ഷമില്ലാതെ വിധിക്കുന്നവനാണ്. ശശികല നമുക്കൊരു മുന്നറിയിപ്പാണ് അത് മറക്കാതിരിക്കുക.

---

യുവജന പംക്തി

# ദൈവത്തെ മാനിക്കുന്നവൻ....



ബിനു വടശ്ശേരിക്കര

എറിക് ലിൻഡേൽ (Eric Linddell) ചരിത്രത്തിൽ ഇന്നും ഉയർന്നു നിൽക്കുന്നത് ദൈവത്തെ മാനിച്ചതിന്റെ പേരിലാണ്. 1902-ൽ സ്ക്കോട്ട്ലാന്റിൽ ജനിച്ച എറികിന്റെ മാതാപിതാക്കൾ ജയിംസും മേരിയും ആയിരുന്നു. ചൈനയിലെ മിഷനറി ആയിരുന്നു ജയിംസ്.

വളരെ നാണം കുണുങ്ങിയായിരുന്നു എറിക്ക്. 5-ാം വയസിൽ സ്ക്കോട്ട്ലന്റിലെത്തി. 1920-ൽ എഡിൻബർഗ് യൂണിവേഴ്സിറ്റിയിൽ പഠനത്തിനെത്തിയ എറിക്ക് 1922 യൂണിവേഴ്സിറ്റിക്കു വേണ്ടി റഗ്ബി കളിച്ചു. അങ്ങനെ 1924-ലെ പാരീസ് ഒളിംമ്പിക്സിൽ 100 മീറ്റർ ഓടാൻ തയ്യാറായി. എന്നാൽ 100 മീറ്ററിന്റെ ഫൈനൽ മത്സരം ഞായറാഴ്ച ആ യതിനാൽ ആരാധന മുടക്കി കളി യും വിജയവും വേണ്ട എന്ന തീരുമാനത്തിൽ ഉറച്ചു നിന്നു. പലരും നിർബന്ധിച്ചെങ്കിലും അന്ന് താൻ ആരാധനയ്ക്കായി പോയി. എന്നാൽ താൻ മടങ്ങി പോകാൻ തീരുമാനിച്ചപ്പോഴാണ് തന്റെ രാജ്യത്തെ പ്രതിനിധികരിക്കാൻ ആരും ഇല്ലാത്തതിനാൽ 400 മീറ്റർ ഓട്ടത്തിൽ പങ്കെടുക്കുവാൻ നിർബന്ധിക്കപ്പെട്ടു. 1924 ജൂലൈ 11-ന് താൻ 400 മീറ്റർ ഓടാൻ തയ്യാറായി നിൽക്കുമ്പോൾ തന്റെ ടീമിലെ ഒരാൾ ഒരു ചെറിയ കഷണം പേപ്പർ മടക്കി എറികിന് നൽകി. ആ പേപ്പർ തുറന്ന് വായിച്ചപ്പോൾ ഒരു ബൈബിൾ വാക്യം ഉണ്ടായിരുന്നു. "എന്നെ മാനിക്കുന്നവനെ, ഞാൻ മാനിക്കും(1ശമു:2:30) എന്നും വിജയം നിന്നോടുകൂടെ ഇരിക്കട്ടെ". അങ്ങനെ ലോക റിക്കോർഡോടെ എറിക്ക് 400 മീറ്റർ സ്വർണ്ണ മെഡൽ നേ ടി. കൂടാതെ 200 മീറ്ററിൽ വെങ്കലവും നേടി. 1936 വരെ എറികിന്റെ റിക്കോർഡ് തകർക്കുവാൻ ആർക്കും ആയില്ല. ഉയർച്ചയുടെ ഉത്തുങ്കത്തിൽ നിൽക്കുമ്പോൾ തന്നെ ഇതെല്ലാം ഉപേക്ഷിച്ച് 1925-ൽ ചൈനയിലെ ഒരു മിഷനറിയായി താൻ യാത്രയായി. 1928-ലും 1930, 1932-ലും ഒളിംമ്പിക്സിൽ വിജയം നേടിയെങ്കിലും സുവിശേഷവേലയിൽ മുൻതൂക്കം നൽകിയതിനാൽ മറ്റു പല വിജയങ്ങളും തള്ളിക്കളഞ്ഞു. ഒരു ടീച്ചർ എന്ന നിലയിൽ ചൈനയിലെ ആയിരക്കണക്കിന് കുട്ടികളെയും അവർ മൂലം വീടുകളെയും സ്വാധീനിക്കുവാൻ എറികിന് കഴിഞ്ഞു. 1945-ൽ കഠിനാധ്വാനം മൂലം ക്ഷീണിതനായി, ബ്രയിൻ ടൂമർ ബാധിതനായി മരിച്ചു. എന്നാൽ 1981-ലെ ഓസ്കർ പുരസ്കാരർഹമായ "Chariots of Fire"(അഗ്നി രഥങ്ങൾ)എറികിന്റെ ജീവിതം അടിസ്ഥാനമാക്കി പുറത്തിറങ്ങിയ സിനിമയായിരുന്നു. 2002-ൽ സ്ക്കോട്ട്ലന്റിലെ ഏറ്റവും പ്രസിദ്ധനായ കായികതാരം എന്ന പദവിയും എറികിന് ലഭിച്ചു.

**ദൈവത്തെ മാനിക്കുന്നവൻ**

എറിക്കിന്റെ ജീവിതം നമുക്ക് നൽകുന്ന പ്രധാന പാഠം തന്നെ ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കുന്നു എന്നതാണ്. ഉയർച്ചയുടെ പടവുകൾ ചവിട്ടി കയറുമ്പോൾ പലരും ദൈവത്തെ മറക്കുകയും ദൈവത്തിന് മുഖ്യസ്ഥാനം നൽകാതെ പോകുന്നതും സാധാരണ കാണാറുള്ള കാഴ്ചയാണ്. എന്നാൽ നമ്മെ ഉയർത്തുന്നത് ദൈവമാണെന്ന തിരിച്ചറിവ് നാം പ്രാപിക്കണം. വിദ്യാഭ്യാസമോ, ആരോഗ്യമോ, കഴിവുകളോ ജീവിതത്തിൽ ഉയരുന്നതിന് നിദാനമല്ല. വിദ്യാഭ്യാസം ഉണ്ടെങ്കിൽ എല്ലാം ആയി എന്ന ധാരണ ചിലരിലെങ്കിലും ഉണ്ട്. എന്നാൽ അത് തെറ്റിദ്ധാരണയാണ്. ദൈവം ഉയർത്താതെ ഒരാൾക്കും ജീവിതത്തിൽ ഉയരുവാൻ കഴിയില്ല.

ദൈവത്തെ സ്നേഹിക്കുകയും മാനിക്കുകയും ചെയ്യുന്നവനെ ദൈവം ഉയർത്തും.

**വിദ്യാഭ്യാസത്തിനും മുകളിൽ ഉയർച്ച**

നിങ്ങളുടെ വിദ്യാഭ്യാസത്തിന് തക്കതായ ഉയർച്ച നിശ്ചയമായും നിങ്ങൾക്കുണ്ടാകും. എന്നാൽ വിദ്യാഭ്യാസത്തിനു മുകളിൽ ഉയർച്ച നൽകുന്നത് ദൈവമാണ്. അതിന് ഉത്തമ ഉദാഹരണമാണ് വിശുദ്ധ ബൈബിളിലെ ഒട്ടുമിക്ക ആൾക്കാരും. ദാവീദ് രാജാവായത് അവന്റെ വിദ്യാഭ്യാസമോ കുലമഹിമയോ അടിസ്ഥാനമാക്കി ആയിരുന്നില്ല മറിച്ച് ദൈവം ഉയർത്തി രാജപദവിയിൽ ഇരുത്തി. യോസഫിനെ മന്ത്രികസേരയിലും. ദൈവത്തെ സ്നേഹിച്ച ദാനീയേലിനും ശദ്രക്ക്, മേശക്ക്, അബേദ്നെഗോമിനും ലഭിച്ച ദൈവീക ഉയർച്ചയെ നമുക്കറിയാം. ഈ ദൈവം ഇന്നും ജീ വിക്കുന്നു.

മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസവും നൽകേണ്ട എന്നല്ല, നൽകുമ്പോൾ തന്നെ ജീവിതത്തിൽ വലിയ നേട്ടങ്ങൾ നേടുമ്പോൾ നമ്മുടെ തലമുറ അവരുടെ ലക്ഷ്യം മറക്കരുത്. നാം വിളിക്കപ്പെട്ടിരിക്കുന്നത് യേശുവിനെ ഉയർത്താനാണ്

ഇന്നത്തെ കാലത്ത് വിശുദ്ധ ദിവസങ്ങളിൽ പോലും ട്യൂഷനും കോച്ചിംഗും ഒക്കെ അരങ്ങ് തകർക്കുമ്പോൾ മക്കളുടെ ഉള്ളിൽ ദൈവീക ബോധവും ദൈവഭക്തിയും വിതക്കപ്പെട്ടില്ലെങ്കിൽ തലമുറ നഷ്ടമാകും.

**വാൽകഷണം:** താല്കാലികമായ നേട്ടങ്ങൾക്കായി ഓടിയിട്ട് നിത്യമായത് നഷ്ടമാക്കരുത്. "Those who leave everything in Gods hand will eventually see Gods hand in everything"

എനിക്കും പറയാനുണ്ട്

# തീക്കൊള്ളി കൊണ്ട് തല ചൊറിയുന്നവർ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ബിലീവേഴ്സ് ജേണലിൽ പഴയതുപോലെ വിമർശനങ്ങൾ കാണുന്നില്ലെന്നും എഴുത്തിന് മൂർച്ച കുറഞ്ഞെന്നും ചിലർ പരാതി പറയാറുണ്ട്. ഐപിസി, ചർച്ച് ഓഫ് ഗോഡ് സഭകളിലെ രാഷ്ട്രീയ കളികളുടെ വാർത്തകൾ എഴുതുന്നില്ല എന്നാണ് ഇക്കൂട്ടരുടെ പരാതി. എന്നാൽ ഇതിന് മറുപടി എഴുതണമെങ്കിൽ അത് വലിയ വിശദീകരണം ആയി മാറും. അതിനാൽ ആ ഭാഗത്തേക്ക് കടക്കുന്നില്ല. ബിലീവേഴ്സ് ജേണൽ വ്യക്തമായ നിലപാടുകളോടെയാണ് ചില വിഷയങ്ങളെക്കുറിച്ച് പ്രതികരിച്ചിരുന്നത്. അത് ആശയപരമായ നിലപാടായിരുന്നു ഐപിസി രാഷ്ട്രീയത്തിൽ പരിഷ്കൃതചേരിയും പാരമ്പര്യചേരിയും തമ്മിൽ ആശയസമരം ഒരുകാലത്ത് ഉണ്ടായിരുന്നു. കാലം മാറിയപ്പോൾ അതെല്ലാം മാറിമറിഞ്ഞു. ഇന്ന് ആശയസമരം കാണാനേയില്ല. പലരും ചേരി മാറി. ഇന്ന് നടക്കുന്നത് വ്യക്തിഹത്യയും പകപ്പോക്കലും മാത്രമാണ്. പരസ്പരം ചെളിവാരിയെറിയൽ അതിന്റെ പാരമ്യത്തിൽ എത്തിനിൽക്കുന്നു. അഴിമതി ഇന്ന് എല്ലാടവും വേരോട്ടം നടത്തിക്കഴിഞ്ഞു.

പെന്തെക്കോസ്തിന്റെ ഉപദേശം ഇന്ന് പഴഞ്ചനായി മാറിയിരിക്കുന്നു. ഉപദേശ സംരക്ഷണവും ഖണ്ഡനവും എല്ലാം ഫാഷനായി മാറി. തരാതരം പോലെ ഇക്കൂട്ടരും വേഷം കെട്ടി ആടുവാൻ തുടങ്ങി. ഉപദേശസംരക്ഷകരും ദുരുപദേശകർ പ്രസംഗിക്കുന്ന വേദിയിൽ പ്രസംഗിക്കുന്നു. ഇത് ശരിയോ എന്ന് ചോദിച്ചാൽ അവർക്ക് അവരുടെ ന്യായമുണ്ട്. ദുരുപദേശകർ ഇന്ന് മിക്ക സെന്റർ കൺവൻഷനുകളിലും പ്രസംഗിക്കുന്നു. പണം ആണ് ഇന്ന് എല്ലാറ്റിനും മാനദണ്ഡം. ഞാൻ പറഞ്ഞുവന്നത് ഒരു ചേരിയേയും വിശ്വസിക്കാൻ പറ്റാത്ത സ്ഥിതിയാണ്. മാത്രമല്ല ഇന്ന് ഒരു ചേരിയിൽ നിൽക്കുന്ന വ്യക്തി നാളെ മറുചേരിയിൽ നിൽക്കുന്നതുകാണാം. കസേരയും പണവും ഒക്കെയാണ് ഇതിനെല്ലാം കാരണം. ഇതിനിടയിൽപെടാതെ ഒഴിഞ്ഞുനിൽക്കുന്നതുതന്നെയാണ് നല്ലത്. പലപ്പോഴും ആവർത്തിച്ചിട്ടുള്ളത് ഇപ്പോഴും പറഞ്ഞുപോകും. ഇന്ന് നടക്കുന്നതൊന്നും ആശയ സമരമേയല്ല. മറിച്ച് ആമാശയ സമരം മാത്രം. അതിൽ നമ്മൾ എന്തിന് പങ്കാളികളായി സമയം മെനക്കെടുത്തുന്നു.

ചർച്ച് ഓഫ് ഗോഡിലേക്ക് വരുമ്പോൾ സ്ഥിതി മറ്റൊരുനിലയിലാണ്. ജേണൽ തുടർച്ചയായി നടത്തിയ ഒരു പോരാട്ടം വിജയത്തിൽ അവസാനിച്ചു. അതും വ്യക്തിപരമായ വിഷയങ്ങളെ പ്രതി അല്ലായിരുന്നു. അഴിമതിക്കും സ്വജനപക്ഷപാതത്തിനും എതിരെയുള്ള പോരാട്ടമായിരുന്നു. ബിലീവേഴ്സ് ജേണൽ നിലപാട് ചിലരുടെ ഉറക്കം കെടുത്തി. ശക്തന്മാർ എതിരാളികളായി. ശാരീരികമായും മാനസികമായും പീഡനം നടത്തുവാൻ ശക്തമായ ശ്രമങ്ങൾ നടന്നു. അപവാദപ്രചരണങ്ങൾ പലതും നേരിടേണ്ടി വന്നു. എന്നാൽ നിലപാടിൽ ഉറച്ച് നിന്നതിനാൽ പോരാട്ടം വിജയത്തിലെത്തി. അത് ജനം അംഗീകരിച്ചു.

ഇപ്പോഴും ചിലർക്ക് കളികൾ അവസാനിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. വിശ്വാസികളുടെ വോട്ടവകാശം എന്നതിനുവേണ്ടിയാണ് പോരാടുന്നതെന്ന് ചിലർ അവകാശപ്പെടുന്നു. എന്നാൽ യഥാർത്ഥ ലക്ഷ്യം അതൊന്നും അല്ലായെന്ന് അരിയാഹാരം കഴിക്കുന്ന ആർക്കും മനസ്സിലാകും. ചിലരുടെ പ്രതീക്ഷകളൊന്നും പൂവണിഞ്ഞില്ല. പാസ്റ്റർ സി. സി. തോമസ് ഓവർസിയർ ആകുമെന്ന് ചിലരെങ്കിലും കരുതിയിരുന്നില്ല.

പാസ്റ്റർ സി. സി. തോമസിനെ മത്സരിപ്പിക്കില്ല എന്നായിരുന്നു ആദ്യത്തെ അവകാശവാദം. അത് നടക്കില്ല എന്ന് കണ്ടപ്പോൾ ജയിപ്പിക്കില്ലെന്നായി അടുത്ത വാദം. അതും പൊളിഞ്ഞു. അപ്പോൾ ചുമതല ഏറ്റെടുക്കാൻ സമ്മതിക്കില്ല എന്ന വാദവുമായി ചിലരെത്തി. കേസുകൾ പലത് കൊടുത്തു. ഹൈക്കോടതിയിൽ വരെ എത്തി. അതെല്ലാം പരാജയപ്പെട്ടു. ഇനി കൺവൻഷനു കാണാം എന്നായി അവർ. കൺവൻഷന് പിരിവ് കൊടുക്കണ്ടായെന്നും വിശ്വാസികൾ പോകരുതെന്നും ഒക്കെ വ്യാപകമായി പ്രചരിപ്പിച്ചു. ദൈവസഭയുടെ ചരിത്രത്തിൽ ഇത്രയും അച്ചടക്കത്തോടും ആത്മീയ അനുഗ്രഹത്തോടും നടന്ന കൺവൻഷൻ വേറെ ഉണ്ടായിട്ടില്ല എന്ന് ഏവരും ഒരുപോലെ സമ്മതിച്ച കൺവൻഷനും കഴിഞ്ഞു. കിട്ടാത്ത മുന്തിരിങ്ങ പുളിക്കുമെന്ന നിലയിലായി കഥകൾ. ഇനി ഞങ്ങൾ ശുശ്രൂഷകരുടെ സ്ഥലമാറ്റത്തിൽ കാണിച്ചുതരാമെന്നാണ് ഇപ്പോഴത്തെ വാദം.

ഇത്രയും ആവേശം ഉള്ള വിശ്വാസികൾ ഒത്തിരിയുണ്ടോ എന്നറിയുവാൻ ഞങ്ങൾ നടത്തിയ അന്വേഷണത്തിൽ രസകരമായ ഒരു കാര്യം ബോധ്യമായി. രണ്ടുകൈയിലെ വിരലുകളുടെ എണ്ണം പോലും ഈ സംഘത്തിനില്ലെന്ന് ബോധ്യമായി. ചിലരുടെ ഇച്ഛാഭംഗമാണ് ഈ കൂട്ടുകെട്ടിന് പിന്നിൽ. ആര് ഭരിച്ചാലും മുളക്കുഴയിൽ ചുറ്റിപറ്റിനിന്ന് അധികാരത്തിന്റെ അപ്പക്കഷണങ്ങൾ ഭുജിച്ച് അധികാരത്തിലിരിക്കുന്നവരോടൊരുമിച്ച് ഇരുന്ന് നുണയും അപവാദവും പറഞ്ഞ് രസിച്ചിരുന്ന നാളുകൾ ഇപ്പോൾ മുളക്കുഴയിൽ ലഭിക്കുന്നില്ല. അതിന്റെ മുറുമുറുപ്പ് സ്വാഭാവികമാണ്. പണ്ട് കുമ്പനാട് പക്ഷം ഉണ്ടാക്കി തിരിഞ്ഞവരുടെ അവസ്ഥ ചരിത്രത്തിൽ നിന്ന് ഉൾക്കൊണ്ട് പാഠം പഠിച്ചാൽ നന്ന്.

വിശ്വാസികളുടെ അവകാശത്തിനുവേണ്ടിയുള്ള പോരാട്ടം ആണ് നടത്തുന്നതെങ്കിൽ ബിലീവേഴ്സ് ജേണൽ അതിനെ പിന്തുണയ്ക്കാം. ന്യായമായ ആവശ്യങ്ങൾ നടപ്പിലാകണം. അതിന് സമാധാനത്തിന്റെ പാതയാണ് ആവശ്യം. കൈയ്യൂക്കുകൊണ്ട് ഇവിടെ ആരും ഒന്നും നേടിയിട്ടില്ല. ചർച്ചകൾ നടക്കട്ടെ. യോഗ്യരായ മദ്ധ്യസ്ഥരെ മുമ്പിൽ നിർത്തുക. ആത്മീയരും വിവരം ഉള്ളവരുമായ ആളുകൾ മുൻകൈ എടുക്കുക. അല്ലാത്തതെല്ലാം തീക്കൊള്ളികൊണ്ട് തല ചൊറിയുന്നതുപോലെ ആകുകയുള്ളൂ. മാവോയിസ്റ്റുകളെപ്പോലെ സായുധ വിപ്ലവമോ ഒന്നും പെന്തെക്കോസ്തിന് കരണീയമല്ലല്ലോ. അവിടെ വേണ്ടത് സമാധാനത്തിന്റെ മാർഗ്ഗമാണ്. മാന്യമായി അതിനുള്ള അവസരമാണ് ഒരുക്കേണ്ടത് അല്ലാതെ കൈയ്യൂക്കുകൊണ്ട് കാര്യം നേടാമെന്ന ചിന്ത പരാജയമാകും. വെടക്കാക്കി തനിക്കാക്കുന്ന പഴയതന്ത്രത്തിന്റെ കാലം കഴിഞ്ഞു. കർത്താവിന്റെ വരവ് താമസിച്ചാൽ ചരിത്രരചനയിൽ ഇടം പിടിക്കേണ്ടത് എങ്ങനെയായിരിക്കണം എന്ന് ചിന്തിച്ചുറപ്പിക്കേണ്ടത് അവരവരുടെ മാന്യതയ്ക്ക് അനുസൃതമാകും.

വേദ പഠനം

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)

–തുടർച്ച–

തിമൊഥെയൊസ്



എഡിസൺ തോമസ്
വേങ്ങൂർ, 9961336353



ഇന്നും ഇതൊരു വലിയ സാമൂഹിക പ്രശ്നമാണ്. ഇന്നും അനേകർ വിധവമാരാകുന്നുണ്ട്. ഒന്നുകിൽ ഭാര്യയിൽ ഉള്ള സംശയം അല്ലെങ്കിൽ ഭർത്താവിലുള്ള സംശയം, അവിശ്വസ്തത, വിദ്യാഭ്യാസം, സാമ്പത്തികം, സൗന്ദര്യം, ആരോഗ്യം, കഴിവില്ലായ്മ ഇങ്ങനെയുള്ള പലകാരണങ്ങൾ ദിവസം തോറും വിവാഹമോചനം ധാരാളം നടക്കുന്ന വിശ്വാസികളുടെ ഇടയിൽ, വിവാഹമോചനം ചെയ്ത പാസ്റ്റർമാരും ശുശ്രൂഷകന്മാരുമുണ്ട്. അവർക്കൊക്കെ എങ്ങനെ ആത്മാർത്ഥമായി കർത്താവിന്റെ വേലചെയ്യുവാൻ കഴിയും. ഒരുപക്ഷേ വേല ചെയ്താലും ശോഭിക്കുമോ എന്തോ ആത്മാർത്ഥത അവരുടെ ജീവിതത്തിൽ ഉണ്ട്? ഇവരൊക്കെ ദൈവസഭയ്ക്ക് അനുഗ്രഹമാണേ.... അതോ അപമാനമോ...

കഴിഞ്ഞനാളുകളിൽ നിരന്തരം സുതാര്യതയും സംസ്സർഗവും പുലർത്തിയിരുന്ന വേർപ്പെട്ട സമൂഹത്തിലെ പല കുടുംബങ്ങളിലും വിവാഹമോചനം എന്ന വിപത്ത് നുഴഞ്ഞു കയറിയിട്ടുണ്ട്. വിവാഹമോചനം കൊണ്ട് ജീവിത പങ്കാളിയെ മാത്രമല്ല, ബന്ധുജനങ്ങളെയും സ്നേഹിതരെയും കൂട്ടുവിശ്വാസികളെയും നഷ്ടമാകുന്നു. ബൈബിൾ പറയുന്നു, അവർ മേലാൽ രണ്ടല്ല ഒരു ദേഹമത്രെ ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത്, മത്തായി19:6. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിൽ ന്യായപ്രമാണസിദ്ധാന്തം ഉയർത്തിപ്പിടിച്ച് വാദിച്ച പരീശന്മാരോടു യേശുപ്രതികഴിച്ചത്, നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രെ ഭാര്യന്മാരെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചത്. ആവർ: 24:1–4, മത്താ: 19:8. എന്നാൽ യേശുക്രിസ്തു ഇതു പറയുമ്പോൾ ഒരിക്കലും വിവാഹമോചനത്തെ അംഗീകരിച്ചുയെന്നോ സ്ഥാപിച്ചുയെന്നോ പറയുവാൻ കഴിയുകയില്ല, യോശുക്രിസ്തുവിന്റെ വാക്കുകളിൽ വ്യക്തമാണ്. ഇത് ഒരിക്കലും സാധ്യമല്ല, അനുവദനീയമല്ലാ. പുനർവിവാഹം അംഗീകരിക്കുന്നത് ജീവിതപങ്കാളിയുടെ മരണംമൂലം ഉണ്ടാകുന്ന വേർപാടിലാണ്. 1കൊരി:7:8–9. ഒരിക്കലും വിവാഹമോചനം ബൈബിൾ അംഗീകരിക്കുന്നില്ല. വിവാഹശേഷം പാർക്കുന്ന ഭർത്തൃഭവനം സ്വന്തഭവനം പോലെയും അവിടെയുള്ള മാതാപിതാക്കളെ സ്വന്തം മാതാപിതാക്കളെപ്പോലെയും കാണണം. കുടുംബജീവിതത്തിൽ സംഭവിക്കുന്ന ചെറിയ തെറ്റുകൾക്ക് പരസ്പരം പഴിചാരാതെയും കുറ്റം പറയാതെയും ബലഹീനതകൾ കണ്ടെത്തി അങ്ങോട്ടുമിങ്ങോട്ടും വഴക്ക് അടിക്കാതെയും തമ്മിൽ സ്നേഹിച്ചും ക്ഷമിച്ചും കഴിയുമ്പോഴാണ് കുടുംബജീവിതത്തിന്റെ മാധുര്യം നാം മനസ്സിലാക്കുന്നത്.

ധനസമ്പാദനവും ആഡംബജീവിതവും വിശ്വാസജീവിതത്തെ പ്രതിസന്ധിയിലാക്കുന്നു. ഇന്നത്തെ മത്സര സങ്കീർണ്ണമായ ലോകത്തിൽ ക്രിസ്തീയ കുടുംബങ്ങളിൽ വിട്ടുവീഴ്ച മനോഭാവവും അംഗീകാരവും സ്നേഹവും താഴ്മയും ഉണ്ടാകണം. ഐക്യതയില്ലാത്ത കുടുംബ ബന്ധങ്ങൾ ആത്മീകമായും ശാരീരികമായും മാനസീകമായും തകർച്ചയിലേക്കും പരാജയത്തിലേക്കും കുഞ്ഞുങ്ങളിലേക്കും കുടുംബങ്ങളിലേക്കും സഭയിലേക്കും സമൂഹത്തിലേക്കും വ്യാപിക്കുകയും അത് ദോഷത്തിനും ശാപത്തിനും നാശത്തിനും മുഖാന്തരമായിത്തീരും. തലമുറകളുടെ മനസ്സിനെയും വിദ്യാഭ്യാസത്തെയും ഭാവിയെയും വികലമാക്കുന്ന മാതൃകയില്ലാത്ത ജീവിതം ക്രിസ്തീയ കുടുംബങ്ങളിൽ ഉണ്ടാകരുത്. ഒരുപക്ഷെ വിധവയുടെ മക്കൾക്ക് സഭയിൽ നിന്നോ സമൂഹത്തിൽ നിന്നോ ആവശ്യത്തിലേറെ കരുണയും സഹതാപവും ലഭിച്ചുയെന്നു വന്നേക്കാം. എന്നാൽ വിവാഹമോചനം നേടിയവരുടെ മക്കൾക്ക് ആ പരിഗണന ലഭിക്കാതെ വിവാഹബന്ധം വേർപെടുത്തിയവരുടെ മക്കൾ എന്നു മുദ്രകുത്തി സമൂഹത്തിൽ ഒറ്റപ്പെടുത്തും. ആകയാൽ വിവാഹമോചനം എന്ന അർബുധവ്യാധിയെ കുറയ്ക്കുവാൻ ദൈവസഭയ്ക്കു ഒരു പരിധിവരെ കഴിയും.

യഹൂദന്മാർക്കു വിധവമാരെ സംരക്ഷിക്കുന്നത് ഒരു സുകൃത ശുശ്രൂഷയായിട്ടാണ് കണ്ടിരുന്നത്. യഹൂദന്മാരുടെ ആചാരമനുസരിച്ച് ഒരാൾ വിവാഹം കഴിക്കുമ്പോൾ മുതൽ ഭാര്യയുടെ സന്ധാരണത്തിനാവശ്യമായതു കരുതി വയ്ക്കുക പതിവാണ്. ഭർത്താവ് മരിച്ചുപോയാൽ വിധവകൾക്ക് സന്ധാരണ മാർഗം ഉണ്ടായിരിക്കും. വിധവകളെ സഹായിക്കുന്നത് സഭാശുശ്രൂഷയുടെ ഭാഗമായിട്ട് തന്നെയാണ് ആദിമ സഭ കണ്ടത് (അ.പ്രവ: 6:1–2).

യഹൂദന്മാർ വിധവമാരോടുള്ള അവരുടെ മനോഭാവം എങ്ങനെയായിരുന്നുയെന്നു തിരുവചനത്തിലൂടെ മനസ്സിലാക്കാൻ കഴിയും. സാരെഫത്തിലെ വിധവയെ നമുക്കു പരിചയമാണ്(1രാജാ:17:9–16).

1. ദൈവം വിധവമാർക്കും അനാഥർക്കും ന്യായപാലനം ചെയ്യുന്നവനാണ്(സങ്കീ:68:5). അതുകൊണ്ട് പ്രത്യേക സംരക്ഷണവും പരിപാലനവും അവർക്കു ആവശ്യമാണ്(പുറ:22:22–23, ആവർത്ത:10:18, സങ്കീ:146:9, സദൃശ്യ: 15:25).

2. വയലുകളിലെ കൊയ്ത്തു സമയത്ത് വിധവകൾക്കുവേണ്ടി കറ്റയിൽ നിന്നും താൾ അവർക്കുവേണ്ടി നൽകിയിരുന്നു(ആവർ:14:29, 24:19–21, 26:12–13, ഉദാഹരണം നൊവോമി, രൂത്ത്, രൂത്ത് 2).

3. യഹൂദന്മാരുടെ ഉത്സവങ്ങളിൽ വിധവമാരെ പ്രത്യേകം പരിഗണിച്ചിരുന്നു (ആവർത്ത:16:11,14).

4. പാവപ്പെട്ടവരെയും പരദേശികളെയും അനാഥരെയും വിധവമാരെയും സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവരെ അവൻ അനുഗ്രഹിക്കുന്നു (യെശ:1: 17–18, യിരെ:7:6, 22:3–4).

5. ഇത്തരക്കാരെ ഉപദ്രവിക്കുകയും മുഷിപ്പിക്കുകയും ചെയ്യുന്നവരെ ദൈവം ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു.

6. കർത്താവിന്റെ പരസ്യ ശുശ്രൂഷയിൽ വിധവകളോടു കരുണ തോന്നിയിരുന്നു (മർക്കൊ:12:42–43, ലൂക്കോ:7:11–17, 18:3,5, 20:47, 21:2–3).

ഒന്നാം നൂറ്റാണ്ടിലെ സഭയും ഇതിനു മാതൃകയായിരുന്നു(അ.പ്രവ:6:1–6, 9:36–43, യാക്കോ:1:27).

ഒന്നാം നൂറ്റാണ്ടിൽ പാപപ്പെട്ട വിധവമാരെ സഹായിക്കുവാനും സംരക്ഷിക്കുവാനും സഭ താല്പര്യം കാണിക്കുകയും ഏറ്റെടുക്കുകയും ചെയ്തപ്പോൾ ഇന്നത്തെ സഭകളോ ഇത്തരക്കാരെയോ നാം സഹായിക്കുന്നുണ്ടോ, സാമ്പത്തിക കൂട്ടായ്മ കാണിക്കുന്നുവോ... ഇവർക്കു വീടോ ഇവരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം ചെയ്യുവാനുള്ള സഹായം നാം ചെയ്യാറുണ്ടോ, നമ്മുടെ സഭകളിൽ ബോർഡ് പണിയുന്നതിനും മതിലും പണിയുന്നതിനും ഫ്ളെക്സ് അടിക്കുന്നതിനും കൺവൻഷൻ പരസ്യം കൊടുക്കുന്നതിനും എത്രമാത്രം പണം ചെലവഴിക്കുന്നു എന്നാൽ ഒരു സാധു വിധവയ്ക്കോ പാവപ്പെട്ട ഒരു വയോധികനോ എന്തെങ്കിലും കൂട്ടായ്മയോ സഹായമോ ചെയ്യുന്നതിൽ എത്രമാത്രം പുറകിലാണ്? വിധവമാരുടെ ചാർച്ചക്കാർ അവരുടെ ഇടയിലുള്ള വിധവന്മാരെ സംരക്ഷിക്കുകയും പോറ്റി പുലർത്തുകയും ചെയ്യണം. ഇത് കൂടാതെ മറ്റൊരു ഗൗരവമേറിയ വിഷയം പൗലോസ് ഇവിടെ കൈകാര്യം ചെയ്യുകയാണ്. അത് വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളുടെ സംരക്ഷണമാണ് മാതാപിതാക്കളെ ശുശ്രൂഷിക്കയും സഹായിക്കുകയും ചെയ്യേണ്ടത് മക്കളുടെ കർത്തവ്യവും ഉത്തരവാദിത്വവുമാണ്. മാതാപിതാക്കളെ അവഗണിക്കുന്ന ഒരു സമൂഹമാണ് ഇന്നത്തേത്. പുരാതനകാലത്ത് മാതാപിതാക്കന്മാരെ സംരക്ഷി

04

**ചോദ്യോത്തരവേദി**

# ജാമാക്കാരന്റെ (ഡോ.പുഷ്പരാജിന്റെ) വചനവ്യാഖ്യാനങ്ങൾ

**ചോദ്യം:** ജാമാക്കാരൻ എന്ന മാസികയിൽ എഡിറ്ററായ ഡോ. പുഷ്പരാജ്, 12-ാമത്തെ അപ്പൊസ്തലനായിരുന്ന **മത്ഥിയാസിന്റെ നിയമനം റദ്ദു ചെയ്യുകയും,** പ്രവചനം, വെളിപ്പാടുകൾ, അന്യഭാഷ, വ്യാഖ്യാനം എല്ലാം തമിഴ്, ഇംഗ്ലീഷ് വേദപുസ്തകം ഉണ്ടായതോടുകൂടി (ഡോ. പുഷ്പരാജിന് വായിച്ച് മനസ്സിലാക്കാവുന്ന വേദപുസ്തകം ഉണ്ടായതോടുകൂടി) **നിന്നുപോയതായി** പ്രഖ്യാപിച്ചിരിക്കുന്നു (പേജ് 3,4 ജാമാക്കാരൻ ജൂലൈ 2014). കൂടാതെ പെന്തെക്കോസ്ത് പാസ്റ്റർമാർ വേദപുസ്തകം വായിച്ച് മനസ്സിലാക്കിയിട്ടില്ലാത്തവരും, പാസ്റ്ററുടെ യോഗ്യത ശബ്ദമുഖരിതമായി പാട്ടും പ്രാർത്ഥനയും വികാരാവേശ പ്രകടനങ്ങളും ഉച്ചത്തിലുള്ള ഹാലേല്ലുയ്യാ ആമേൻ പറയാനുള്ള കഴിവുമാണ് (ഡിസംബർ 2016 ജാമക്കാരൻ). പ്രതികരിക്കുമോ! **– മനു, മരുതുകുന്നേൽ, മാടപ്പള്ളി**



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ഉത്തരം:** ഞാൻ മനസ്സിലാക്കിയടത്തോളം ഡോ.പുഷ്പരാജ്, സി. എസ്സ്. ഐ, മർത്തോമ സഭകളിലെ ഒരു തിരുത്തൽ വാദിയാണ്. ആ സഭകളിലുള്ളവർ അദ്ദേഹത്തെ ധാരാളമായി സാമ്പത്തികമായി സഹായിക്കുന്നുണ്ട്. അവർക്കുവേണ്ടിയാണ് അദ്ദേഹം പലതും എഴുതുന്നത്. അവർ അപ്പൊ. പ്രവ. 20:29-ൽ വിവരിക്കുന്ന 'കൊടിയ ചെന്നായ്ക്കളുടെ' സ്വാധീനത്തിൽ പെടാതിരിക്കുവാൻ അദ്ദേഹം ജാമാക്കാരനിലൂടെ ശ്രമിക്കുന്നു. അദ്ദേഹം കണ്ടുമുട്ടിയുള്ള പാസ്റ്റർമാർ അദ്ദേഹം വിവരിക്കുന്നതുപോലെയുള്ളവരാണെങ്കിൽ അദ്ദേഹത്തെ കുറ്റം പറയാൻ ഒക്കില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരവലോകനം നമ്മുടെ പംക്തിയുടെ പരിധിയിൽ വരുന്നില്ല. എങ്കിലും ചോദ്യത്തിൽ ഉദ്ധരിച്ചിരിക്കുന്ന വചനങ്ങളെക്കുറിച്ചുള്ള **എന്റെ ബോദ്ധ്യം** താഴെക്കുറിക്കുന്നു.

**12-ാമത്തെ അപ്പൊസ്തലൻ മത്ഥിയാസ് ആണ്.**

യേശുവിനെ ഒറ്റിക്കൊടുത്ത **യൂദായുടെ** 'അദ്ധ്യക്ഷസ്ഥാനം മറ്റൊരുവനു ലഭിക്കട്ടെ' എന്നുള്ള പഴയനിയമ പ്രവചനം (സങ്കീർത്തനം 69:25) പൂർത്തീകരിക്കുവാൻ വേണ്ടി 11 അപ്പൊസ്തലന്മാരും 120 സഹോദരന്മാരും കൂടി **പ്രാർത്ഥിച്ച്** ചീട്ടിട്ടു. **ചീട്ട് മത്ഥിയാസിനു വീഴുകയും പതിനൊന്ന് അപ്പൊസ്തലന്മാരോടുകൂടെ അവൻ എണ്ണപ്പെടുകയും ചെയ്തു** (അപ്പൊ. പ്രവ. 1:15-26). ഈ തിരഞ്ഞെടുപ്പ് അസാധുവാക്കണമെന്നോ, 12-ാമത്തെ അപ്പൊസ്തലനായി മത്ഥിയാസ് എണ്ണപ്പെടുവാൻ പാടില്ലെന്നോ അപ്പൊസ്തലന്മാർക്കോ ആദിമ വിശ്വാസികൾക്കോ പിന്നീട് തോന്നിയിട്ടില്ല. 12-ാമത്തെ അപ്പൊസ്തലനുവേണ്ടി വീണ്ടുമൊരു തിരഞ്ഞെടുപ്പ് യെരുശലേമിൽ നടത്തിയിട്ടുമില്ല.

അനേക വർഷങ്ങൾക്ക് ശേഷം, ഈ പന്ത്രണ്ട് അപ്പൊസ്തലന്മാരോട് ആലോചിക്കാതെയും അവരുടെ കൈവെപ്പ് സ്വീകരിക്കാതെയും പൗലോസ് ശുശ്രൂഷയിലേക്ക് വന്നപ്പോൾ, മത്ഥിയാസിനെ 12-ാമത്തെ അപ്പൊസ്തലനായി പൗലോസ് അംഗീകരിച്ചിരുന്നു (1കൊരി. 15:5-7). യേശുവിന്റെ പ്രത്യക്ഷതയെക്കുറിച്ച് പൗലോസ് ഇപ്രകാരം എഴുതി: '**....കേഫാവിനും (പത്രോസിനും) പിന്നെ 12 പേർക്കും പ്രത്യക്ഷനായി...** അനന്തരം അവൻ യാക്കോബിനും **പിന്നെ എല്ലാ അപ്പൊസ്തലന്മാർക്കും** പ്രത്യക്ഷനായി. എല്ലാവർക്കും ഒടുവിൽ....എനിക്കും പ്രത്യക്ഷനായി' (അപ്പൊ. പ്രവ.15:5-7). (മത്ഥിയാസിനെ 12-ാമത്തെ അപ്പൊസ്തലനായി പൗലോസ് അംഗീകരിച്ചിരിക്കുന്നുവെന്ന് ഈ വചനത്തിൽ നിന്ന് വ്യക്തമായി എനിക്കു മനസ്സിലാകുന്നുണ്ട്).

60 വർഷങ്ങൾക്കുശേഷം പത്മോസ് ദ്വീപിൽ വച്ച് യോഹന്നാൻ അപ്പൊസ്തലന് കൊടുത്ത ദൈവീക ദർശനത്തിൽ, 12-ാമത്തെ അപ്പൊസ്തലനായി മത്ഥിയാസിന്റെ പേര് പുതിയ യെരുശലേമിന്റെ അടിസ്ഥാനത്തിൽ എഴുതിയിട്ടുള്ളതായി യോഹന്നാൻ കണ്ടു (വെളിപ്പാട് 21:14).

**പ്രവചനം, വെളിപ്പാടുകൾ, അന്യഭാഷ, വ്യാഖ്യാനം നിന്നുപോയോ?**

ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരോട് അരുളിചെയ്തത്: ഞാൻ **നിങ്ങളോട് കല്പിച്ചതൊക്കെയും അനുസരിക്കാൻ എന്നിൽ വിശ്വസിച്ചവരെ പഠിപ്പിക്കുക എന്നാണ്** (മത്തായി 28:20). കർത്താവ് ഒരു കല്പന അനുസരിക്കാൻ തരുന്നത് ഒരു ചെറിയ കാലഘട്ടത്തിലേക്കല്ല. കർത്താവിന്റെ പ്രത്യക്ഷതവരെയോ അല്ലെങ്കിൽ ഒരുവന്റെ മരണസമയം വരെയോ ആണ്. സ്വർഗ്ഗത്തിൽ ദൈവവചനം എന്നേക്കും സ്ഥിരമായിരിക്കുകയും (സങ്കീ. 119:89), ഭൂമിയിൽ ഒരു കാലഘട്ടം കഴിയുമ്പോൾ ദൈവവചനം അനുസരിക്കേണ്ട ആവശ്യമില്ല എന്നൊരു ഉപദേശം അപ്പൊസ്തലന്മാരാരും വിശ്വാസികളെ പഠിപ്പിച്ചിട്ടില്ല.

രാജകീയ പുരോഹിതവർഗ്ഗം (വിശ്വാസികൾ) കൂട്ടായ്മ ആചരിക്കുമ്പോൾ ഉപദേശം ഉണ്ട്, വെളിപ്പാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്.... (1കൊരി.14:26). ഇത് കർത്താവിനെ സമൂഹമായി ആരാധിക്കുന്നതുമായി **ബന്ധപ്പെട്ട ഒരു കല്പനയാണ് (1കൊരി. 14:37 വായിക്കുക).** കർത്താവിനെയും വചനത്തെയും ഭയഭക്തിയോടെ കാണുന്ന സമൂഹങ്ങളിൽ ഇതൊരു സാധാരണ സംഭവമാണ്. കർത്താവിനും അപ്പൊസ്തലിക വചനത്തിനും ഒന്നാം സ്ഥാനം കൊടുക്കാത്ത കൂട്ടായ്മകളിൽ കർത്താവ് സഭയുടെ പുറത്താണ്. അകത്ത് വരുവാൻ വേണ്ടി കർത്താവ് വാതിലിൽ മുട്ടുകയാണ് (വെളിപ്പാട് 3:20). ആരാധനയുമായി ബന്ധപ്പെട്ട് ചില **'തീവെട്ടി കൊള്ളക്കാരെ'** പുഷ്പരാജിന് പരിചയപ്പെടേണ്ടി വന്നതുകൊണ്ട് ഇതിലൊക്കെ വിശ്വാസം പുഷ്പരാജിന് നഷ്ടപ്പെട്ടിരിക്കാം. എന്നാൽ ഒറിജിനൽ കറൻസി ഉള്ളതുകൊണ്ടാണ് കള്ളനോട്ടുകൾ ഇപ്പോഴും പ്രചരിക്കുന്നത്. കൂടാതെ യിരെമ്യാവിന്റെ കാലഘട്ടത്തിലെപ്പോലെ വ്യാജന്മാരെ ആണ് ഈ കാലഘട്ടത്തിലെ പല വിശ്വാസികൾക്കും ഇഷ്ടം (യിരെമ്യാവ് 5:31). യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: 'എന്റെ ജനത്തിനോ വ്യാജന്മാരെ ആണ് കൂടുതലിഷ്ടം, എന്നാൽ അവസാനം നിങ്ങൾ എന്തുചെയ്യും' (യിരെമ്യാവ് 5:31, ആശയപരമായ സ്വതന്ത്ര പരിഭാഷ).

ഏകനായ ഒരിടയൻ ഒരു പ്രാദേശിക സഭയെ നയിക്കുന്നതും അപ്പൊസ്തലിക പാരമ്പര്യം അല്ല. മെത്രാന്മാർക്കും അന്തർദേശീയ പാസ്റ്റർമാർക്കും രാജകീയ പുരോഹിതവർഗ്ഗത്തെ (വിശ്വാസികളെ) ഭരിക്കാനുള്ള സൗകര്യത്തിനുവേണ്ടി അവരുണ്ടാക്കിയെടുത്ത ഒരു ഭരണക്രമമാണ് ഏകനായ സ്ഥലംമാറ്റമുള്ള ഇടയൻ. ഓരോ പ്രാദേശികസഭയിലും ഒന്നിലധികം ഇടയന്മാരെയാണ് ആദിമ അപ്പൊസ്തലന്മാർ നിയമിച്ചിരുന്നത് (അപ്പൊ. പ്രവ. 14:23; 11:30; 20:17; 20:28; യാക്കോബ് 5:14). എന്നിരുന്നാലും, ഏതെങ്കിലും ഇടയൻ കൃപയും പരിജ്ഞാനവും ഉള്ളവൻ ആണെങ്കിൽ (1തിമൊ. 3:1-7ലുള്ള യോഗ്യത ഉള്ളവനാണെങ്കിൽ), ആ ഇടയൻ ആ സഭയിൽ ഉള്ളിടത്തോളം കാലം ജീവന്റെയും ആത്മാവിന്റെയും പ്രകാശനവും സ്വാതന്ത്ര്യവും ചൈതന്യവും ആ സഭയിൽ ഉണ്ടായിരിക്കും.

ആദിമ അപ്പൊസ്തലന്മാർ വിവരിച്ചതും വ്യാഖ്യാനിച്ചതുമായ കർത്താവിനെയും കർത്താവിന്റെ വചനത്തെയും അനുസരിച്ച് ജീവിക്കാൻ ആഗ്രഹമുള്ള ധാരാളം വിശ്വാസികൾ ഇന്നുണ്ട്. വചനത്തിലേക്ക് മടങ്ങിപ്പോകുന്നതിനാണ് ഉണർവ്വ് എന്നു പറയുന്നത്. ജാമാക്കാരന്റെ വ്യാഖ്യാനമൊന്നും അവരെ ചലിപ്പിക്കാറില്ല മറിച്ച് ചിരിപ്പിക്കാറെയുള്ളൂ. മാത്രമല്ല, സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം (സങ്കീ. 119:89), ആകാശവും ഭൂമിയും ഒഴിഞ്ഞുപോയിക്കഴിഞ്ഞാലും നിലനിൽക്കുന്ന ദൈവവചനം ഡോ. പുഷ്പരാജിനെപ്പോലുള്ളവർക്ക് കാലഘട്ടത്തിനനുസരിച്ച് മാറ്റാനുള്ളതല്ല. "....നിനക്ക് അല്പമേ ശക്തിയുള്ളുവെങ്കിലും നീ **എന്റെ വചനം കാത്തു;** എന്റെ നാമം നിഷേധിച്ചിട്ടില്ല' (വെളിപ്പാട് 3:8). "അവന്റെ വചനങ്ങളോട് നീ ഒന്നും കൂട്ടരുത്; അവൻ നിന്നെ വിസ്തരിച്ചിട്ട് നീ കള്ളനാകുവാൻ ഇടവരരുത്" (സദൃശ്യ. 30:6).

സ്ത്രീകൾ ബലഹീനപാത്രമാണെന്നും, പുരുഷൻ സ്ത്രീയുടെ തലയാണെന്നും, **ദൂതന്മാർ നിമിത്തം** സ്ത്രീകൾക്ക് പ്രാർത്ഥിക്കുമ്പോഴും പ്രവചിക്കുമ്പോഴും തലയിൽ വിധേയത്വത്തിന്റെ അടയാളമായ മൂടുപടം ഉണ്ടായിരിക്കണമെന്നുള്ള 2000 വർഷം മുമ്പത്തെ അപ്പൊസ്തലീക ഉപദേശം (1 കൊരി. 11:3-12) ഇന്നും വചനത്തെ ബഹുമാനിക്കുന്ന കൂട്ടായ്മകളിൽ കർത്താവിന്റെയും ദൂതന്മാരുടെയും സാന്നിധ്യം പ്രതീക്ഷിക്കുന്ന വിശ്വാസസമൂഹങ്ങളെല്ലാം അനുഷ്ഠിക്കുന്നു. എന്നാൽ മേൽപറഞ്ഞ ഉപദേശം കാലഹരണപ്പെട്ടതാണെന്ന് സ്ഥാപിച്ച് യേശുവിനെ ആരാധിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന ക്രിസ്തീയ സമൂഹങ്ങളുണ്ട്. എന്നാൽ, **".......കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു" (1 പത്രോസ് 1:25).**

**കർത്താവിന്റെ തീ,** തന്നിൽ വിശ്വസിച്ചവരെ പരിശോധിക്കുന്ന നാളിൽ പുഷ്പരാജിന്റെ വ്യാഖ്യാനം കത്തിപ്പോകുമോ ഇല്ലയോ എന്ന് അന്നറിയാം (1കൊരി. 3:14,15).

ഇതിനുള്ള മറുപടി ഡോ. പുഷ്പരാജിന് ബിലീവേഴ്സ് ജേണൽ പത്രത്തിലേക്ക് അയയ്ക്കാവുന്നതാണ്. അവർ അതും പ്രസിദ്ധീകരിക്കുന്നതാണ്.

**അടിക്കുറിപ്പ്:** യേശുവിനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും അവന്റെ കല്പനകൾ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. സത്യം അവനിലില്ല (1യോഹ. 2:4). പലരും നമ്മുടെ ഇടയിൽ നിന്നു പുറപ്പെട്ടുവെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല. നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ നമ്മുടെ ഉപദേശങ്ങളോടും കല്പനകളോടും അവർ നിലകൊള്ളുമായിരുന്നു (1യോഹ.2:19, ആശയപരമായ സ്വതന്ത്ര പരിഭാഷ).

## 01 ഐ.പി. സി. കർണ്ണാടക...

രായ യുവതികളുടെ സമൂഹ വിവാഹം നടന്നു. വ്യാഴാഴ്ച സോദരീ സമാജ സമ്മേളനത്തിൽ ശ്രീമതി സ്റ്റാർള ലൂക്ക് പ്രസംഗിച്ചു. വെള്ളിയാഴ്ച ബൈബിൾ കോളജ് ബിരുദദാനം നടന്നു.

ശനിയാഴ്ച ഉച്ചയ്ക്ക് സണ്ടേസ്കൂൾ – പി.വൈ.പി.എ വാർഷിക സമ്മേളനം, ഞായറാഴ്ച ഗോവ, തമിഴ്നാട്, ആന്ധ്രാ സംസ്ഥാനങ്ങളുടെ ഇതരഭാഗങ്ങളുൾപ്പെടുന്ന 29 ജില്ലകളിൽ നിന്നുള്ള ശുശ്രൂഷകരും വിശ്വാസികളും പങ്കെടുത്ത സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടന്നു. പാസ്റ്റർമാരായ എബ്രഹാം മാത്യു വല്ല്യത്ത്, ജോസ് മാത്യു എന്നിവരുടെ നേതൃത്വത്തിൽ ഗായകൻ ബ്ലസൻ മേമനയും കൺവൻഷൻ ക്വയറും ഗാനങ്ങളാലപിച്ചു. കർണ്ണാടക ഐപിസി സെക്രട്ടറി പാസ്റ്റർ വർഗീസ് മാത്യു, ജനറൽ കൺവീനർ പാസ്റ്റർ രാജൻ ജോൺ, ജോയിന്റ് കൺവിനർമാരായ പാസ്റ്റർ എ. വൈ. ബാബു, ജോസ് വർഗീസ്, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ലാൻസൺ പി. മാത്യു എന്നിവർ നേതൃത്വം നൽകി.

കൺവൻഷൻ പ്രവർത്തനങ്ങൾക്കായി വിവിധ കമ്മറ്റികളിൽ കൺവീനർമാരായി പാസ്റ്റർമാരായ ടി. എസ്.മാത്യു, കെ.വി.ജോസ്, ടി. എം. ഡാനിയേൽ, ഷാജി ജോസഫ്, എബ്രഹാം മാത്യു, സി.പി. ശാമുവേൽ എന്നിവരും സഹോദരന്മാരായ ജോർജ് ജോസഫ്, ബിജു ടി. പാറേൽ, എബു പി. ജോയ്, വൈ. തങ്കച്ചൻ, ഷാജി ടി. പാറേൽ, ജോയ് പാപ്പച്ചൻ, സ്റ്റേറ്റ് ട്രഷറാർ ഇ.വി. സോമൻ, പി.ഒ.രാജൻ, സാലു ജി. പാറേൽ എന്നിവർ പ്രവർത്തിച്ചു. കർണ്ണാടക സ്റ്റേറ്റ് ഐപിസിയിൽ 430 സഭകളും 520 ശുശ്രൂഷകന്മാരും പ്രവർത്തിച്ചു.

കൺവൻഷന് മുന്നോടിയായി ജനുവരി 30 മുതൽ ഫെബ്രുവരി 4 വരെ പാസ്റ്റർ ടി.എസ്. മാത്യുവിന്റെ നേതൃത്വത്തിൽ രാവിലെയും വൈകിട്ടും കൺവൻഷൻ ഗ്രൗണ്ടിൽ ഉപവാസ പ്രാർത്ഥന നടന്നു.

## 03 വേദപഠനം....

ക്കാത്തവരെ സമൂഹവും സഭയും വെറുത്തിരുന്നു. ആദിമ സഭയും സഭാപിതാക്കന്മാരും ഈ വിഷയത്തിനു വലിയ പരിഗണന നൽകിയിരുന്നു. ഇത് യഹൂദ സംസ്കാരത്തിൽ മാത്രമല്ല യവനസംസ്കാരത്തിലും നിലനിന്നിരുന്നു. ഇന്നു ഇന്ത്യയിൽ മാത്രമല്ല ലോകത്തിന്റെ പലഭാഗങ്ങളിലും മാതാപിതാക്കളെ ഉപേക്ഷിക്കുന്ന രീതി നിലനിൽക്കുന്നുണ്ട്. പണ്ട് ജപ്പാനിൽ നിലനിന്നിരുന്ന ഒരു ആചാരമായിരുന്നു, മാതാപിതാക്കൾ വാർദ്ധക്യത്തിലെത്തി ബലഹീനരായിത്തീരുമ്പോൾ മക്കളും വേണ്ടപ്പെട്ടവരും ചേർന്നു അകലെയുള്ള കുന്നിൽ മുകളിൽ കൊണ്ടുപോയി ഉപേക്ഷിക്കുമായിരുന്നു. ഒരിക്കൽ ഒരു പിതാവിനെ ഉപേക്ഷിക്കുവാനായി മകൻ ചുമന്നുകൊണ്ട് കുന്നിൻ മുകളിൽ വന്നു, ഉപേക്ഷിച്ചു പോകുന്നതിന് മുമ്പ് അപ്പന് എന്തോ പറയുമ്പാൻ ഉള്ളതായി മകന് തോന്നി. മകൻ ചോദിച്ചപ്പോൾ അപ്പൻ ഇപ്രകാരം പറഞ്ഞു. എന്റെ ജീവിതം ഇവിടെ അവസാനിക്കുന്നതോർത്ത് എനിക്ക് ദുഃഖമില്ല, പക്ഷെ മകനെ നിന്നെക്കുറിച്ചു ഓർക്കുമ്പോഴാണ് എന്റെ ഹൃദയം വേദനിക്കുന്നത്. അവസാനം നീയും ആരുമില്ലാതെ ഉപേക്ഷിക്കപ്പെടുമല്ലോ?. ഇത് ആ മകന്റെ ഹൃദയത്തെ വല്ലാതെ പിടിച്ചുകുലുക്കി, ഒടുവിൽ മകൻ അപ്പനെയും വീണ്ടും ചുമന്ന് വീട്ടിലെത്തിച്ചു. മരിക്കുന്നതുവരെ അപ്പനു മകൻ നല്ല പരിചരണം നൽകി നല്ലൊരു അന്ത്യം പിതാവിനു നൽകി. ഇന്നു മാതാപിതാക്കൾ പ്രായമേറിയാൽ മക്കൾക്കും മരുമക്കൾക്കും ഒക്കെ ഭാരമാണ്. അവരെ സ്നേഹിക്കുവാനോ കരുതുവാനോ, ശുശ്രൂഷിക്കുവാനോ ആരുമില്ല. ആർക്കും താല്പര്യവുമില്ല, ഈ സാക്ഷര കേരളത്തിൽ ദിനം തോറും എത്രയെത്രെ വൃദ്ധദമ്പതികൾ ആരോരുമില്ലാതെ കവലയിലും ആശുപത്രിയിലും അമ്പലങ്ങളിലും ഉപേക്ഷിക്കപ്പെടുന്നു. വീട്ടിൽ സ്ഥമില്ലാഞ്ഞിട്ടോ അതോ കിടക്കാൻ സൗകര്യമില്ലാഞ്ഞിട്ടോ അല്ല. പക്ഷെ ശുശ്രൂഷിക്കുവാനോ നോക്കുവാനോ ആരും ഇല്ല. ഭാരതസംസ്കാരത്തിൽ മാതാപിതാക്കളെ കാണപ്പെട്ട ദൈവങ്ങളായി കരുതിപോരുന്നു. **(തുടരും.)**

# ഫാദർ ടോം ഉഴന്നാലിലിന്റെ മോചനം വൈകരുത്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ

**കുമ്പനാട്:** യമനിൽ നിന്നും 10 മാസം മുൻപ് തീവ്രവാദികൾ തട്ടികൊണ്ട് പോയ ക്രിസ്ത്യൻ മിഷനറി ഫാ. ടോം ഉഴന്നാലിലിനെ മോചിപ്പിക്കുവാൻ വൈകുന്നതിൽ ഐ. പി. സി. ഉൽകണ്ഠ രേഖപ്പെടുത്തി.

മറ്റുള്ളവരെ സ്നേഹിക്കുവാനും ധാർമ്മിക ബോധമുള്ള സമൂഹത്തെ വളർത്തിയെടുക്കുവാനും യഞ്ജിച്ച ഫാ. ടോമിന്റെ മോചനം വൈകരുതെന്ന് സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ കുമ്പനാട് കൺവൻഷനിൽ അവതരിപ്പിച്ച പ്രമേയം കേന്ദ്ര സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല പ്രത്യേക പ്രാർത്ഥന നടത്തി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ അദ്ധ്യക്ഷത വഹിച്ചു.

# ഐ. പി. സി. പ്രെയർ സെന്റർ രജതജൂബിലി ഉദ്ഘാടനം




**തിരുവല്ല:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ പ്രെയർ സെന്റർ സഭയുടെ രജത ജൂബിലിയോടനുബന്ധിച്ച് ക്യാൻസർ രോഗികളെ സഹായിക്കുന്നതിനായി കാരുണ്യപദ്ധതി നടപ്പാക്കുമെന്ന് ഐ. പി. സി. സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല പറഞ്ഞു.

ഒരു വർഷം ദൈർഘ്യമുള്ള സഭയുടെ രജതജൂബിലി പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജൂബിലിയുടെ ഭാഗമായി ഭവനസഹായം, തയ്യൽ മെഷീൻ വിതരണം, വടക്കേ ഇന്ത്യൻ മിഷൻ സഹായം, വിവിധ സുവിശേഷീകരണ പ്രവർത്തനങ്ങൾ, ട്രാക്റ്റ് വിതരണം, സുവനീർ, സാമൂഹിക തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണം എന്നിവ നടപ്പാക്കുമെന്ന് പാസ്റ്റർ രാജു പൂവക്കാല പറഞ്ഞു.

സഭാ വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. സി. ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സേവ്യർ ജെയിംസ്, ജോജി ഐപ്പ് മാത്യൂസ്, റെനി വെസ്ലി, പി. ജെ. വർഗീസ്, ജോസ് സഖറിയ, പാസ്റ്റർമാരായ ഐസക് മത്തായി, ബെന്നി ജോൺ, ഷെറി കോശി, ജോൺ മാത്യു, കെ. മഹേഷ്, അലക്സാണ്ടർ തോമസ്, ജോർജ് ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

## 11 ↰ വ്യാപകമാകുന്നു...

ണ്ണായകമായ മുന്നേറ്റമായിരുന്നു 1988–ൽ 'റിസർവ് ബാങ്ക് ഓഫ് ഓസ്ട്രേലിയ' നിർമ്മിച്ച് ഇറക്കിയ പോളിമർ നോട്ടുകൾ. 1996–ൽ ഓസ്ട്രേലിയ അവരുടെ എല്ലാ കറൻസിയും പോളിമർനോട്ടുകളാക്കി. പേപ്പർനോട്ടുകളേക്കാൾ ഏറെക്കാലം ഈടുനിൽക്കുന്ന പോളിമർ നോട്ടുകളിൽ വ്യാജന്മാർക്ക് അനുകരിക്കാൻ കഴിയാത്ത മൂന്നു തട്ടിലുള്ള സുരക്ഷാ ഫീച്ചറുകൾ ഉണ്ട്. അതിനാൽത്തന്നെ, പോളിമർ നോട്ടുകൾ പിന്നീട് പല രാജ്യങ്ങളും സ്വീകരിച്ചു. അതുകൊണ്ടും ഫലം കാണും എന്ന് തീർത്ത് പറയുവാൻ കഴിയില്ല. വ്യാജനോട്ടുകളുടെ ഉല്പാദനം കൂടികൊണ്ടേയിരിക്കും. അങ്ങനെ ലോകത്തിൽ ഒരു ഗവൺമെന്റിനും തടയുവാൻ കഴിയാത്ത സമാന്തര സാമ്പത്തിക മേഖല സംജാതമാകുമ്പോൾ. തങ്ങളുടെ സാമ്പത്തിക മേഖല സംരക്ഷിക്കുവാൻ എല്ലാത്തരം അച്ചടി നോട്ടുകളും പിൻവലിച്ച് ഡിജിറ്റൽ സാമ്പത്തിക ഇടപാടുകളിലേക്ക് ലോകം മാറും. അതിന് ഇനിയും അധികം സമയമില്ല. കാരണം ലോകത്തിന്റെ അന്ത്യനാളുകളിലെ സമ്പദ് വ്യവസ്ഥയെ സംബന്ധമായിട്ടുള്ള വേദപുസ്തക പ്രവാചക വാക്കുകൾ അതാണ് വിളിച്ചറിയിക്കുന്നത്.

## വാർഷിക കൺവൻഷൻ

**ആന്ധ്രപ്രദേശ്:** സോൾ വിന്നേഴ്സ് ഇന്ത്യ 21–ാമത് വാർഷിക കൺവൻഷനും ബെഥേൽ ബൈബിൾ സെമിനാരികളുടെ സംയുക്ത ഗ്രാജുവേഷനും ആന്ധ്രപ്രദേശിൽ തെന്നാലിയിൽ വച്ച് ഫെബ്രുവരി 24–26 തീയതികളിൽ നടത്തപ്പെടും. ഡയറക്ടർ പാസ്റ്റർ സന്തോഷ് ഈശോ 24–ന് കൺവൻഷൻ ഉത്ഘാടനം ചെയ്യും. സുവിശേഷയോഗം, ബൈബിൾ കോളേജ് ഗ്രാജുവേഷൻ, പവർ കോൺഫറൻസ്, ലേഡീസ് മീറ്റിംഗ്, സംയുക്ത സഭായോഗം എന്നിവയും ഉണ്ടായിരിക്കും.

2009 മുതൽ സോൾ വിന്നേഴ്സ് ഇന്ത്യ ആസ്ഥാനമായ മദ്ധ്യപ്രദേശിലെ ബഡ്വാഹയിലായിരുന്നു വാർഷിക കൺവൻഷനും, ഗ്രാജുവേഷനും നടന്നിരുന്നത്. ഈ തവണ ആന്ധ്രയിലെ തെന്നാലിയിലെ ബൈബിൾ കോളേജിന്റെ നേതൃത്വത്തിലാണ് പ്രസ്തുത യോഗങ്ങൾ നടത്തുക. ഡോ. റെ പൊഫാം, ഡോ. ജയിംസ് കളയ്ക്കാട്, ഡോ. സ്റ്റാലിൻ കെ. തോമസ്, പാസ്റ്റർ സൈമൺ ചാക്കോ, സുവിശേഷകൻ ഷാജു ഈശോ, പാസ്റ്റർ സന്തോഷ് ഈശോ, പാസ്റ്റർ ജോൺസൺ ഏബ്രഹാം, സിസ്റ്റർ ഷീബ എന്നിവർ മുഖ്യസന്ദേശങ്ങൾ നൽകും. പാസ്റ്റർ സന്തോഷ് ഈശോ ജനറൽ കൺവീനറായുള്ള വിപുലമായ കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## ഉപവാസ പ്രാർത്ഥന

**കൊട്ടാരക്കര:** ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യാ ഇഞ്ചക്കാട് ടൗൺ ചർച്ച് ബെഥേൽ പ്രയർ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 7 ദിവസത്തെ ഉപവാസ പ്രാർത്ഥ ബേഥേൽ പ്രയർ ടവർ, എം. സി. റോഡ്, ഇഞ്ചക്കാട്, കൊട്ടാരക്കരയിൽ ഫെബ്രുവരി 27 മുതൽ മാർച്ച് 5 വരെ രാവിലെ 10.00മുതൽ 1.00 വരെ നടക്കും. വ്യാഴം, വെള്ളി, ശനി എന്നീ ദിവസങ്ങളിൽ വൈകിട്ട് 6.30 മുതൽ 9 വരെ മീറ്റിംഗ് ഉണ്ടായിരിക്കും. അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാർ ഈ ദിവസങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കും. **കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ വിജു ഡാനിയേൽ, ഫോൺ: 8075453033**

## കൺവൻഷൻ

**കോലഞ്ചേരി:** ഐപിസി മധ്യമേഖല കൺവൻഷൻ ഫെബ്രുവരി 20–23 വരെ കോലഞ്ചേരി പ്രൈവറ്റ് ബസ്റ്റാന്റിന് സമീപം നടന്നു. പാസ്റ്റർമരായ കെ. എം. ജോസഫ്, ഫിലിപ്പ് പി. തോമസ്, വർഗീസ് ഏബ്രഹാം, കെ. ജെ. തോമസ്, ബാബു ചെറിയാൻ, സണ്ണി കുര്യൻ എന്നിവർ പ്രസംഗിച്ചു. ബുധനാഴ്ച പകൽ ശുശ്രൂഷക സമ്മേളനത്തിൽ പാസ്റ്റർ ജേക്കബ് ജോർജ് മുഖ്യാഥിതിയായിരുന്നു. മിസ്പ വോയ്സ് ഗാനങ്ങളാലപിച്ചു. എറണാകുളം, തൃശൂർ ജില്ലകളിലെ സഭകളാണ് മധ്യമേഖലയിലുള്ളത്. പാസ്റ്റർമാരായ കെ. എം. ജോസഫ്, ജോസഫ് ജോർജ്, റ്റി. എ. തമ്പി, കെ. പി. ജോസ്, രാജൻ വി. മാത്യു, ബ്രദർ തമ്പി മുടവന്തിയിൽ, മാത്യു കിങ്ങിണിമറ്റം തുടങ്ങിയവർ നേതൃത്വം നൽകി.

•സഹായിക്കുക

# മരണപ്പെട്ട പാസ്റ്റർ വി. പി. ഷാജിയുടെ കുടുംബത്തിനുള്ള സഹായനിധി

2016 ഒക്ടോബർ മാസത്തിൽ വയനാട്ടിൽ വെച്ച് കർതൃസന്നിധിയിൽ ചേർക്കപ്പെട്ട പാസ്റ്റർ വി. പി. ഷാജിയുടെ (42) കുടുംബത്തെ (ഭാര്യ മോളി, അനുഗ്രഹ, സങ്കീർത്തന എന്ന രണ്ട് പെൺമക്കൾ) സഹായിക്കേണ്ട അത്യാവശ്യം മനസ്സിലാക്കി വയനാട്ടിലെ എല്ലാ സഭകളുടേയും പ്രതിനിധികളായി കടന്നുവന്ന ദൈവദാസന്മാരുടെ ഇടയിൽ നിന്ന് ഒരു കമ്മിറ്റി (21 പേർ) തിരഞ്ഞെടുത്തു.

**പാസ്റ്റർ വി. പി. ഷാജിയെക്കുറിച്ച്:**

വയനാട് മാനന്താവാടിയിൽ പൊന്നപ്പൻ–സുലോചന ദമ്പതികളുടെ മകനായി ജനിച്ച് ഒരു ഹൈന്ദവ ഭക്തനായി വളർന്നു. തന്റെ 21–ാമത്തെ വയസ്സിൽ മോളി എന്ന സഹോദരിയെ ഹൈന്ദവ ആചാരപ്രകാരം വിവാഹം കഴിച്ചു. എങ്കിലും 7 വർഷങ്ങൾ കുഞ്ഞുങ്ങൾ ലഭിക്കാതിരുന്നു. അങ്ങനെ നിരാശനായിരിക്കെ 28–ാമത്തെ വയസ്സിൽ പാസ്റ്റർ ഐസക് മാത്യുവിന്റെ നേചതൃത്വത്തിൽ നടന്ന കൺവൻഷനിൽ പാസ്റ്റർ പോൾ ഗോപാലകൃഷ്ണന്റെ വചനശുശ്രൂഷയിലൂടെ കർത്താവിനെ കണ്ടുമുട്ടുകയും സുവിശേഷവേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു.

തുടർന്ന് കേരളത്തിനകത്തും പുറത്തും കർത്താവിന്റെ കരങ്ഹളിൽ ശക്തമായി ഉപയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെയും കൂടെയുള്ള വിശ്വാസികളുടെയും ശ്രമഫലമായിട്ടാണ് ഐ. പി. സി. ആലുവ നോർത്ത് സെന്ററിന്റെ കീഴിലുള്ള മാമ്പിലാവ് എന്ന സ്ഥാലത്ത് സഭാ പ്രവർത്തനം ആരംഭിച്ചത്. അത് വിജയകരമായി മുമ്പോട്ട് പോകവേ അവിടെയുള്ള പ്രവർത്തനം സെന്ററിനു കൈമാറുകയും പുതിയ സ്ഥലത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ പ്രവർത്തനം വളർന്നുവരുന്നതിനിടയിലാണ് പെട്ടെന്നൊരു ശക്തമായ പനിയും ശാരീരിക അസ്വസ്ഥതയും ഉണ്ടായത്. തുടർന്ന് കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സ തേടിയെങ്കിലും സ്ട്രോക്കുണ്ടായി സംസാരശേഷി നഷ്ടപ്പെടുകയും വലതുവശം പൂർണ്ണമായി തളർന്ന് പോകുകയും ചെയ്തു. പിന്നീട് സ്വന്തസ്ഥലമായ വയനാട്ടിൽ കൊണ്ടുവന്ന് ഒരുപാട് ചികിത്സകൾ നൽകിയെങ്കിലും പ്രയോജനമുണ്ടാകില്ല. ഈ കഴിഞ്ഞ 2016 ഒക്ടോബർ 13 രാത്രി 11 മണിക്ക് താൻ പ്രിയം വെച്ച കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. എന്നാൽ തികച്ചും അപ്രതീക്ഷിതമായ ഈ വിയോഗം ഭാര്യ മോളിയേയും +1, +2 വിദ്യാർത്ഥിനികളായ രണ്ട് പെൺകുഞ്ഞുങ്ങളെയും അനാഥമാക്കി.

സ്വന്തമായി സ്ഥലമോ, വീടോ മറ്റ് വരുമാനമാർഗ്ഗങ്ങളോ ഇല്ല. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിനാൽ അവരെ സഹായിക്കുവാൻ ആരുമില്ലാത്ത അവസ്ഥയിലാണ് ഇപ്പോഴുള്ളത്. നിലവിൽ വീട്ടുവാടക കൊടുക്കുന്നതിനും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം മുമ്പോട്ടു കൊണ്ടുപോകുന്നതിനും വളരെ ബുദ്ധിമുട്ടുന്നു.

ഈ ദയനീയമായ അവസ്ഥ അറിഞ്ഞതുകൊണ്ടാണ് വയനാട്ടിലുള്ള ദൈവദാസന്മാർ സഭാസംഘടന വ്യത്യാസമില്ലാതെ ഈ സംരംഭത്തിന് താല്പര്യമെടുക്കുന്നത്. ഇതറിഞ്ഞ ഒരു കുടുംബം ബത്തേരി പുത്തൻകുന്നിനടുത്ത് 3 സെന്റ് സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ സ്ഥലത്ത് ഒരു വീട് വച്ച് നൽകി മക്കളുടെ ഭാവിയ്ക്കുവേണ്ടി ഒരു ചെറിയ നിക്ഷേപമെങ്കിലും നൽകണമെന്നതാണ് എല്ലാവരുടേയും ആഗ്രഹം. അതിനായി എല്ലാ ദൈവമക്കളുടേയും പ്രാർത്ഥനയും സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു. ഇതിനുവേണ്ടി സുൽത്താൻ ബത്തേരി പഞ്ചാബ് നാഷണൽ ബാങ്കിൽ ഈ കമ്മറ്റിയുടെ പ്രസിഡന്റ് പാസ്റ്റർ സാം തോമസിന്റെയും ട്രഷർ പാസ്റ്റർ ഗീവർഗ്ഗീസിന്റെയും പേരിൽ ഒരു അക്കൗണ്ട് തുറന്നിരിക്കുന്നു. (അക്കൗണ്ടിൽ പണമിടുന്നവർ 9747680039, 9495641161 ഈ നമ്പറുകളിൽ അറിയിക്കണമെന്ന് വിനീതമായ അപേക്ഷിക്കുന്നു.)

**A/C No: 4348000100136806 (IFSC Code PUNB0434800)**

## 01 ↰ നാക്കോഗ് 2017 ഒരുക്കങ്ങൾ....

യിൽ ഹൂസ്റ്റണിൽ നടന്നു. ദേശീയ സമ്മേളനത്തിന്റെ ആദ്യ രജിസ്ട്രേഷൻ ഹൂസ്റ്റൺ പ്രതിനിധി റവ. സണ്ണി താഴാംപള്ളത്തിൽ നിന്നും നാഷണൽ പ്രസിഡന്റ് റവ. മാത്യു കെ. ഫിലിപ്പ് സ്വീകരിച്ചു. പാസ്റ്റർ ടി. തോമസ് മുഖ്യ അതിഥി ആയിരുന്നു. എക്സിക്യൂട്ടീവ് അംഗങ്ങാളായ പാസ്റ്റർ ബഞ്ചമിൻ തോമസ്, ബിജു തോമസ്, ബിനോയ് മാത്യു, റോബിൻ രാജു, ഡോ. ജോളി ജോസഫ് എന്നിവർ സംബന്ധിക്കുകയും ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദീകരിച്ചു സംസാരിക്കുകയും ചെയ്തു. റവ. സണ്ണി താഴാംപള്ളം സ്വാഗതവും ഡോ. വർക്കി തോമസ് നന്ദിയും പറഞ്ഞു. വിവിധ സഭകളിൽ നിന്നും ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുക്കുകയും ആശംസ അറിയിക്കുകയും ചെയ്തു. ഗുഡ്ന്യൂസിന്റെ പ്രതിനിധികരിച്ച് ബ്രദർ വെസ്ലി മാത്യു ആശംസ അറിയിച്ചു.

ജനുവരി അവസാന വാരാന്ത്യത്തിൽ ടെന്നസി, അറ്റ്ലാന്റാ എന്നിവിടങ്ങളിൽ പ്രമോഷണൽ മീറ്റിംഗുകൾ നടത്തി. എല്ലാ സ്ഥലങ്ങളിൽ നിന്നും നല്ല പ്രോത്സാഹനവും പിന്തുണയും ലഭിക്കുന്നുണ്ട്. ഏപ്രിൽ 30നു മുൻപായി രജിസ്റ്റർ ചെയ്യുന്നവർക്ക് താമസം, ആഹാരം, രജിസ്ട്രേഷൻ എന്നിവയിൽ നല്ല നിരക്കിൽ ഡിസ്കൗണ്ട് ലഭിക്കുമെന്നതിനാൽ രജിസ്ട്രേഷനും നല്ല തിരക്ക് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ സമ്മേളനത്തിൽ കടന്നുവരുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 30–ന് മുൻപായി രജിസ്റ്റർ ചെയ്താൽ രജിസ്ട്രേഷനിൽ ഇളവും സമ്മേളന സ്ഥലത്തു തന്നെ താമസ സൗകര്യവും ലഭിക്കുന്നതാണ്.

ഫെബ്രുവരി രണ്ടാം വാരാന്ത്യത്തിൽ ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലാദൽഫിയ എന്നിവിടങ്ങളിലും മാർച്ച് 14–ന് ഡാളസിലും പ്രമോഷണ മീറ്റിംഗുകൾ നടക്കുമെന്ന് പ്രസിഡന്റ് റവ. മാത്യു കെ. ഫിലിപ്പ് പ്രസ്താവിച്ചു. അതിനുള്ള ക്രമീകരണങ്ങൾ സ്റ്റേറ്റ് പ്രതിനിധികൾ ചെയ്തുവരുന്നു.

സഹോദരിമാരുടെ പ്രത്യേക സമ്മേളനത്തിനുള്ള ക്രമീകരണങ്ങൾ സഹോദരിമാരായ ഡോ. ജോളി ജോസഫ്, ഗ്ലോറിയ ജോസഫ്, സൂസൻ ജോസഫ്, സൂസൻ ഡേവിഡ്, ഏലിയാമ്മ തോമസ്, ബിനി തോമസ് എന്നിവരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ഈ വർഷം യുവജനങ്ങൾക്കായി വ്യാഴാഴ്ച മുതൽ തന്റെ പ്രത്യേക മീറ്റിംഗുകൾ ഉണ്ടായിരിക്കുന്നതാണ്. കോൺഫറൻസിൽ ആദിയോടന്തം ദൈവസഭയുടെ മൂന്ന് നാലും തലമുറകളിൽ ഉള്ള നമ്മുടെ യുവജനങ്ങൾ തന്നെ ആയിരിക്കും യുവജന വിഭാഗത്തിൽ ദൈവവചനം പ്രഘോഷിക്കും എന്ന് യൂത്ത് കോർഡിനേറ്റർ ബ്രദർ റോബിൻ രാജു പ്രസ്താവിച്ചു.

സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി റവ. സാംകുട്ടി മാത്യുവിന്റെ നേതൃത്വത്തിൽ എല്ലാ ഞായറാഴ്ച്ചയും വൈകുന്നേരം8:00 9:00 മണിക്ക് പ്രത്യേക പ്രാർത്ഥന നടന്നു വരുന്നു. പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർ 712 432 9900 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. എന്തുകൊണ്ടും ഈ വർഷത്തെ സമ്മേളനം അനുഗ്രഹമായി തീരും എന്നതിന് രണ്ടുപക്ഷമില്ല.

റവ. മാത്യു കെ. ഫിലിപ്പ്, റവ. ബഞ്ചമിൻ തോമസ്, ബ്രദേഴ്സ് ബിജു തോമസ്, ബിനോയ് മാത്യു, റോബിൻ രാജു, സിസ്റ്റർ ജോളി ജോസഫ്, പാസ്റ്റർ ജോൺ തോമസ് എന്നിവരാണ് സമ്മേളനത്തിന് നേതൃത്വം കൊടുക്കുന്നത്.

## 19 – ാമത് ഭാരതപ്പുഴ കൺവൻഷൻ

**ഒറ്റപ്പാലം:** പ്രസിദ്ധമായ ഭാരതപ്പുഴ കൺവൻഷൻ ഫെബ്രുവരി 23 വ്യാഴം മുതൽ 26 ഞായർ വരെ ഒറ്റപ്പാലം മണൽപ്പുറത്ത് നടക്കും. പാസ്റ്റർമാരായ ടി. ജെയ സാമുവേൽ, വറുഗീസ് എബ്രഹാം, തോമസ് മാമ്മൻ, ബാബു ചെറിയാൻ എന്നിവർ പ്രസംഗിക്കും. ശാലേം വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സ്റ്റീഫൻ ദേവസി, ബ്ലസൻ മേമന എന്നിവർ ഗസ്റ്റ് സിംഗേഴ്സായി ഗാനങ്ങൾ ആലപിക്കും. ഫെബ്രുവരി 24 വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനയും 26 ഞായറാഴ്ച ഉച്ചയ്ക്കുശേഷം യുവജനസമ്മേളനവും നടക്കും. ദൂരെസ്ഥലങ്ങളിൽ നിന്ന് വരുന്നവർക്ക് താമസിക്കാൻ സൗകര്യവും ഒരുക്കിയിട്ടുണ്ട്. തെക്കേമലബാറിലെ ഏറ്റവും വലിയ ആത്മീയ സംഗമമായ ഭാരതപ്പുഴ കൺവൻഷന് വിവിധ ഒരുക്കങ്ങൾ പൂർത്തിയായെന്ന് സെക്രട്ടറി പി. കെ. ദേവസിയും കൺവൻഷൻ കോർഡിനേറ്റർ സജി മത്തായി കാതേട്ടും അറിയിച്ചു.

# ഇന്ത്യാ ബൈബിൾ കോളജ് & ഹെബ്രോൻ ബൈബിൾ കോളജ് (1930–1993)
# പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ 2017

ഇന്ത്യാ ബൈബിൾ കോളജ് & ഹെബ്രോൻ ബൈബിൾ കോളജ് (1930–1993) പൂർവ്വ വിദ്യാർത്ഥി സമ്മേളനം ഹെബ്രോൻപുരത്ത് നടന്നു. ഗൃഹാതുരത്വം ഉണർത്തുന്ന ഓർമ്മകളുമായി പൂർവ്വ വിദ്യാർത്ഥികൾ ഒത്തുചേർന്നു. പതിനയ്യായിരത്തോളം പ്രേഷിത പ്രവർത്തകരെ വാർത്തെടുത്ത ഈ വേദപാഠശാലയുടെ പ്രസിഡന്റ് റവ. റ്റി. വത്സൻ ഏബ്രഹാം സമ്മേളനത്തിൽ മുഖ്യസന്ദേശം നൽകി. കൂട്ടായ്മയുടെ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് വർക്കി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സാംകുട്ടി മാത്യു (ജനറൽ സെക്രട്ടറി) വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു.

ഏറ്റവും മുതിർന്ന പൂർവ്വ വിദ്യാർത്ഥികളായ പാസ്റ്റർ എം. വി. വർഗീസും, പാസ്റ്റർ റ്റി.എ. ചെറിയാൻ, പാസ്റ്റർ ഇ. സി. ജോർജ് എന്നിവരെ സമ്മേളനത്തിൽ ആദരിച്ചു. പാസ്റ്റർ എം. വി. വർഗീസ്, പാസ്റ്റർ റ്റി. എ. ചെറിയാൻ എന്നിവർ മറുപടി പ്രസംഗം നടത്തി.

I.G.O ക്യാമ്പസിൽ വെച്ച് ഒക്ടോബർ മാസത്തിൽ വിപുലമായ നിലയിൽ പൂർവ്വവിദ്യാർത്ഥികളുടെയും ഇന്ത്യാ ബൈബിൾ കോളജിന്റെയും പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയുടെയും ചുമതലയിൽ ലീഡേഴ്സ് കോൺഫ്രൻസ് ഐ.ബി.സി പ്രസിഡന്റ് നടത്തുമെന്നും അറിയിച്ചു. വിദ്യാഭ്യാസ സഹായവിതരണം, മിഷനറി സപ്പോർട്ട്, മിഷൻ ടൂർ തുടങ്ങിയ പ്രവർത്തനങ്ങൾ ഈ വർഷം നടത്തുവാനും തീരുമാനിച്ചു.

സമ്മേളനത്തിൽ I.B.C Development Vice President Major V. I. Luke, I.B.C Administrative Vice President Mrs. Sterla Luke, Director Rev: Saju Joseph, Principal Dr. John Alex, Pr. K.Y. Thomas, Pr. Rathish, Pr. Shalin Lal , Alumni Tressurar Pr. Lalu Koshy, Pr. k. J. Mathew, Pr. Alex Pappachen തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ സജി മത്തായി കൃതജ്ഞത പ്രകാശിപ്പിച്ചു.



പാസ്റ്റർ എം. വി. വർഗീസിന് റവ. റ്റി. വത്സൻ ഏബ്രഹാം പുരസ്കാരം നൽകുന്നു


റവ. റ്റി. വത്സൻ ഏബ്രഹാം പ്രസംഗിക്കുന്നു. പരിഭാഷ പാസ്റ്റർ സാജു ജോസഫ്


പാസ്റ്റർ ജേക്കബ് വർക്കി


പാസ്റ്റർ എം. വി. വർഗീസ്


പാസ്റ്റർ ലാലു കോശി സ്വാഗതം ആശംസിക്കുന്നു


ബോബി ഇടപ്പാറ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു


പാസ്റ്റർ കെ. ജെ. മാത്യു പുരസ്കാരം നൽകി ആദരിക്കുന്നവരെ പരിചയപ്പെടുത്തുന്നു

## ഐ.പി.സി. സണ്ടേസ്കൂൾസ് അസോസിയേഷൻ കൊട്ടാരക്കര മേഖലയ്ക്ക് പുതിയ സാരഥികൾ


ഫിന്നി പി. മാത്യു


പാസ്റ്റർ ബിജുമോൻ കിളിവയൽ


പാസ്റ്റർ ജോർജ് രാജൻ

**കൊട്ടാരക്കര:** ഐപിസി സണ്ടേസ്കൂൾസ് അസോസിയേഷൻ കൊട്ടാരക്കര മേഖല പ്രസിഡന്റായി ഫിന്നി പി. മാത്യു വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 12ന് ഞായറാഴ്ച 3.30 ന് കൊട്ടാരക്കര ബേർശേബ ഹാളിൽ നടന്ന ജനറൽ ബോഡിയാണ് അടുത്ത മൂന്ന് വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തത്. പാസ്റ്റർമാരായ കുഞ്ഞുമോൻ കോശി, വർഗീസ് ഏബ്രഹാം (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ ബിജുമോൻ കിളിവയൽ (സെക്രട്ടറി), പാസ്റ്റർമാരായ ബിജു ജോസഫ്, റജി പി.ജെ. (ജോ. സെക്രട്ടറിമാർ), പാസ്റ്റർ ജോർജ് രാജൻ (ട്രഷറാർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ. ജയിംസ് ജോർജ് വരണാധികാരിയായി പ്രവർത്തിച്ചു. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ 20 സെന്ററുകൾ ഉൾപ്പെട്ടതാണ് കൊട്ടാരക്കര മേഖല. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഫിന്നി പി. മാത്യു സണ്ടേസ്കൂൾ കേന്ദ്രസമിതി അംഗവും പ്രമുഖ മാധ്യമ പ്രവർത്തകനുമാണ്.

## പ്രാർത്ഥന സമ്മേളനം

**കുമ്പനാട്:** കേരളത്തിനുള്ള 14 റവന്യൂ ജില്ലകളിലും പ്രയർ യൂണിയനുകൾ ക്രമീകരിച്ചു കൊണ്ട് ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും ഓൾ നൈറ്റ് പ്രെയറുകളും നടത്തുവാൻ തീരുമാനിച്ചു.

എല്ലാ സെന്റർ പാസ്റ്റർമാരുടെയും സഭാ ശുശ്രൂഷകന്മാരുടെയും വിശ്വാസ സമൂഹത്തിന്റെയും സഹകരണങ്ങളും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു. ഉദ്ഘാടനം ഫെബ്രുവരി 8 ബുധൻ രാവിലെ 10 മുതൽ 1 മണി വരെ വൈസ് ചെയർമാൻ പാസ്റ്റർ പി. വി. ഐസക്കിന്റെ നേതൃത്വത്തിൽ ഐ.പി.സി. ഹെബ്രോൻ മേപ്രാൽ സഭയുടെ സമീപത്തുവച്ച് പ്രാർത്ഥന മീറ്റിംഗ് നടന്നു.

## പി.പി.എഫ് പുതിയ ഭാരവാഹികൾ


പാസ്റ്റർ സാം തോമസ് (പ്രസിഡന്റ്)


കെ. എം. സുരേഷ് (സെക്രട്ടറി)


വിൻസന്റ് ആൽബർട്ട് (ട്രഷറാർ)

**വയനാട്:** സുൽത്താൻ ബത്തേരിയിലും പരിസരസ്ഥലങ്ങളിലുമുള്ള പാസ്റ്റർമാരുടെ ഐക്യവേദിയായ പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ്പ് അടുത്ത രണ്ട് വർഷത്തേക്കുള്ള ഭരണ സമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. പാസ്റ്റർമാരായ സാം തോമസ് (പ്രസിഡന്റ്), ജോസ് സാമുവേൽ (വൈസ് പ്രസിഡന്റ്), കെ. എം. സുരേഷ് (സെക്രട്ടറി), ജോഖീം കോര (ജോ. സെക്രട്ടറി), ജെറി സഖറിയ (പ്രെയർ കോർഡിനേറ്റർ), വിൻസന്റ് ആൽബർട്ട് (ട്രഷറാർ), എബ്രഹാം ദാനിയേൽ, പി.എം. ജോസ്, സാംകുട്ടി, പി.എ. തോമസ്, വർഗീസ് പി. ജോസഫ് (കമ്മറ്റിയംഗങ്ങൾ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

## പാസ്റ്റർ പി. ജി. മാത്യൂസ് വിരമിച്ചു



കഴിഞ്ഞ എട്ടുവർഷമായി ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് അസിസ്റ്റന്റ് ഓവർസിയറായിരുന്ന പാസ്റ്റർ പി. ജി. മാത്യൂസ് വിരമിച്ചു. സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസ് പുരസ്കാരം നൽകി.

## വൈവാഹികം

ബി.എസ്.സി. നേഴ്സ് 22 വയസ്സ്, 5‘3‘‘ ഉയരം. പൂനെയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന പെന്തെക്കോസ്ത് യുവതി. വിദേശത്ത് ജോലിയുള്ള (ഗൾഫ് വേണ്ട) രക്ഷിക്കപ്പെട്ട പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ഫോൺ: 9447201099**

Parents of Marthomite invite proposal from the parents of equally Qualified boy for their daughter BA, LLB, Delhi University, 5'8", 27 years practising in Delhi Courts.
Contact: manthrayil@hotmail.com

**Phone: 9495441721 / 04772762400**

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 33 വയസ്സ് 5’3” ഉയരം. എ. എൻ.എം. നേഴ്സ്. രക്ഷിക്കപ്പെട്ട പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ഫോൺ: 9497637028**

# കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ക്രൈസ്തവ രചനകൾ ക്ഷണിക്കുന്നു

കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്തമേരിക്ക രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പുതിയ എഴുത്തുകാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നോർത്തമേരിക്കയിലുള്ള എല്ലാ മലയാളി പെന്തെക്കോസ്ത് പ്രാദേശിക സഭകളിലെയും രചയിതാക്കളിൽ നിന്നും കവിത, ഉപന്യാസം, കഥാരചന, ലേഖനങ്ങൾ, കാർട്ടൂൺ ചിത്രങ്ങൾ തുടങ്ങി സത്യവേദപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള വിഷയങ്ങളെ ആസ്പദമാക്കി ക്രൈസ്തവ സാഹിത്യ രചനകൾ ക്ഷണിക്കുന്നു.

പ്രായഭേദമെന്യേ ആർക്കും മത്സരത്തിൽ പങ്കെടുക്കാം. രജിസ്ട്രേഷൻ ആവശ്യമില്ല. ഇംഗ്ലീഷ്, മലയാളം ഭാഷകൾ ഇഷ്ടാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്. വിവിധ പ്രായ ഗ്രൂപ്പുകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ വിജയിക്കുന്നവർക്ക് കെ. പി. ഡബ്ല്യൂ.എഫ്. രജത ജൂബിലി സമ്മേളനത്തിൽ വെച്ച് അവാർഡും സർട്ടിഫിക്കറ്റും നൽകി ആദരിക്കും.

പങ്കെടുക്കുന്നവരുടെ എണ്ണം അനുസരിച്ച് പ്രാഥമിക റൗണ്ടുകൾ പൂർത്തികരിച്ചതിനു ശേഷം ഫൈനൽ മത്സരം നടത്തും. വിജയികളാകുന്നവരുടെ സാഹിത്യ സൃഷ്ടികൾ പ്രമുഖ ക്രൈസ്തവ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കും. രചനകൾ 10 –ന് മുമ്പായി താഴെ കാണുന്ന വിലാസത്തിൽ സഭാ ശുശ്രൂഷകന്റെ പേരും ഫോൺ നമ്പരും സഹിതം അയച്ചുതരേണ്ടതാണ്. **E-mail: usakpwf@gmail.com**

## പുസ്തക പരിചയം

# ‘ദ ലൈഫ് ഓഫ് ജീസസ് ക്രൈസ്റ്റ്”




നാലു സുവിശേഷങ്ങളും ആരോഹണരീതിയിൽ ക്രോഡീകരിച്ച് മനോഹരമായ ആഖ്യാന ശൈലിയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ പുസ്തകം ഒരു പുതിയ വായനാനുഭവം തരും. നെസ്‌ലെയുടെ ഗ്രീക്ക് പുതിയനിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പുസ്തകം പരിഭാഷ ചെയ്തിരിക്കുന്നത്. സുവിശേഷസംഭവങ്ങൾ ആവർത്തിക്കപ്പെടുന്നില്ല എന്നു മാത്രമല്ല, നാല് സുവിശേഷങ്ങളിലെ ഒരു ചെറിയ സംഭവം/വാക്യം പോലും വിട്ടുകളഞ്ഞിട്ടില്ല. വളരെ പ്രത്യേകതകളുള്ള ഈ പുസ്തകം സുവിശേഷീകരണത്തിനുപയുക്തമായ ഒരു മാദ്ധ്യമമാണ്. യേശുക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയും കൃത്യമായ കാലക്രമത്തിൽ ഇതിൽ അവതരിപ്പിക്കുന്നു. യേശുവിന്റെ ജനനം, നസറെത്തിലെ ജീവിതം, തുടർന്നുള്ള ശുശ്രൂഷകൾ, ക്രൂശീകരണവും മരണവും, പുനരുത്ഥാനം, വരുവാനുള്ള മഹത്വപ്രത്യക്ഷത. തുടങ്ങിയ സംഭവങ്ങൾ പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ഉറവിടം പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളാണ്.

വ്യത്യസ്തമായ സംസ്ക്കാരങ്ങളിലും വിഭാഗങ്ങളിലും ജീവിക്കുന്ന ഏതു വ്യക്തിയോടും ഫലവത്തായി സുവിശേഷം പങ്കുവയ്ക്കുവാൻ ഈ ഗ്രന്ഥം നിങ്ങളെ സഹായിക്കും.

ജി. എൽ. എസ്. പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ കൂടുതൽ കോപ്പികൾക്ക് ഓർഡർ നൽകുന്നവർക്ക് പ്രത്യേകമായ ഡിസ്കൗണ്ട് നൽകുന്നതാണ്. മാത്രമല്ല വിൽപ്പനക്കുള്ള ഒരു പുസ്തകമെന്നതിലുപരി ഈ പുസ്തകത്തെ അടിസ്ഥാനമാക്കി വിപുലമായ ഒരു സുവിശേഷീകരണ പദ്ധതിയും പ്രസാധകർക്കുണ്ട്. താല്പ്പര്യമുള്ളവർ ജി. എൽ. എസുമായി ബന്ധപ്പെടുക.

ഭരണാധികാരികൾ, രാഷ്ട്രീയ പ്രമുഖർ, സാമൂഹികസാംസ്ക്കാരിക മേഖലയിലുള്ള പ്രമുഖരായ വ്യക്തികൾ, ബിസിനസ്സുകാർ, ഉയർന്ന സർക്കർ ജീവനക്കാർ, തുടങ്ങിയവരുടെ ഇടയിൽ സുവിശേഷം പങ്കുവെക്കുവാൻ പദ്ധതിയുള്ളവർക്ക് ഈ പുസ്തകം ഒരു സമ്മാനമായി നൽകാവുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക്**

**GLS PUBLISHING, M T S COMMERCIAL COMPLEX, GROUND FLOOR , COLLEGE ROAD , PATHANAMTHITTA**




# എക്സൽ വി. ബി. എസ് മാസ്റ്റേഴ്സ് ട്രെയിംനിംഗ് മാർച്ച് 11–ന് ബാംഗ്ലൂരിൽ

**ബാംഗ്ലൂർ:** എക്സൽ വി.ബി.എസ് കർണ്ണാടക സ്റ്റേറ്റിന്റെ മാസ്റ്റേഴ്സ് ട്രയിനിംഗ് മാർച്ച് 11–ന് രാവിലെ 9 മുതൽ 4 വരെ നടക്കും. ഹെന്നൂർ ബണ്ടേയിൽ ഡി–മാർട്ടിനു സമീപമുള്ള ഹീബ്രൂ ഏ.ജി. ചർച്ചിൽ വെച്ചാണ് നടത്തപ്പെടുന്നത്. “5ജി” എന്നുള്ളതാണ് ഈ വർഷത്തെ തീം. ഇവാ. അനിൽ ഇലന്തൂർ, പാസ്റ്റർ ഐസക് തരിയൻ, ബ്രദർ ബൻസൺ വർഗ്ഗീസ്, സിസ്റ്റർ ജിൻസി അനിൽ തുടങ്ങിയവർ ക്ലാസുകളെടുക്കുകയും കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും ഇടയിൽ പ്രവർത്തിക്കുന്നവർക്ക് ഈ മീറ്റിംഗിൽ പങ്കെടുക്കാവുന്നതാണ്. ഇവാ. ഷിനു തോമസ്, ഇവാ ജിബു ജോൺ, ഇവാ. പ്രദീപ് പ്രിൻസ് തുടങ്ങിയവർ നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് : 7411678838

# പി. വൈ. സി. ഡി – ക്ക് പുതിയ സാരഥികൾ


ബിജു തോമസ്


ഷോണി പി. തോമസ്


അലൻ മാത്യു


എബിൻ വർഗീസ്


ബിനോയി ശാമുവേൽ ആര്യപ്പള്ളിൽ


പാസ്റ്റർ തോമസ് മുല്ലക്കൽ

**ഡാളസ്:** ഡാളസ് മെട്രോപ്ലക്സിലെ ഉപദേശ ഐക്യമുള്ള പെന്തെക്കോസ്തു സഭകളിലെ യുവജനങ്ങളുടെ ഐക്യവേദിയായ പെന്തെക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസ് (പി.വൈ.സി.ഡി) ന്റെ 2017 വർഷത്തിലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. ഫെബ്രുവരി 19–ന് ഐ.പി.സി ഹെബ്രോൻ ഡാളസ് ചർച്ചിൽ കൂടിയ പ്രതിനിധി സമ്മേളനത്തിൽ പ്രസിഡന്റ് സാം മാത്യു അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ ജെറി കല്ലൂർ രാജൻ സംക്ഷിപ്ത പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ഷോണി തോമസ് പിന്നിട്ട വർഷത്തെ വരവ് ചിലവ് കണക്കുകളും അവതരപ്പിച്ചു. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ ബിജു തോമസ് (പ്രസിഡന്റ്), ഷോണി പി. തോമസ് (കോർഡിനേറ്റർ), അലൻ മാത്യു (ട്രഷറർ), എബിൻ വർഗീസ് (അസോസിയേറ്റ് കോർഡിനേറ്റർ), ബിനോയി ശാമുവേൽ ആര്യപ്പള്ളിൽ (മീഡിയ/പബ്ലിസിറ്റി കോർഡിനേറ്റർ), പാസ്റ്റർ തോമസ് മുല്ലക്കൽ (അഡ്വൈസർ), തോമസ് മാമ്മൻ (സ്പോർട്സ്), നിസി തോമസ് (സംഗീതം), നോയൽ ശാമുവേൽ (ഓഡിറ്റർ), എന്നിവരെ കൂടാതെ ക്രിസ് മാത്യു, നിഥിൻ ജോൺ, ജോൺ കുരുവിള, പ്രമോദ് ഡാനിയേൽ ജോർജ്ജി വർഗീസ് എന്നിവരെ കമ്മറ്റി അംഗങ്ങളായും തെരഞ്ഞെടുത്തു. വടക്കേ അമേരിക്കയിൽ സമാന്തര ഉദ്ദേശമുള്ള മറ്റു പെന്തെക്കോസ്ത് സംഘടനകളിൽ പ്രമുഖ സ്ഥാനം വളർച്ചയുടെ പാതയിൽ 36 വർഷം പിന്നിടുന്ന പി.വൈ.സി.ഡി.യ്ക്ക് ഉണ്ട്. മലയാളി പെന്തക്കോസ്ത് സഭകളിലെ യുവജനങ്ങളിലെ ആത്മീകവളർച്ചയ്ക്കും, യുവജനങ്ങളിലെ സഹോദര്യ കൂട്ടായ്മ ഊട്ടി വളർത്തുന്നതിനും 1982–ൽ രൂപം കൊടുത്ത ഈ സംഘടനയുടെ ദർശനം നഷ്ടമാകാതെ നൂതന കർമ്മ പരിപാടികളുമായി വരും വർഷങ്ങളിലും പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കുമെന്ന് നിയുക്ത ഭരണസമിതി തീരുമാനിച്ചു.

# കൺവൻഷൻ

**നാറാണംമൂഴി:** ഐക്യപെന്തെക്കോസ്ത് കൂട്ടായ്മയുടെ 13-ാമത് കൺവൻഷൻ 2017 ഫെബ്രുവരി 2 മുതൽ 5 വരെ കണ്ണമ്പള്ളി ശാരോൻ ഫെലോഷിപ് ചർച്ച് ഗ്രൗണ്ടിൽ നടന്നു. യു.പി.എഫ്. ചെയർമാൻ പാസ്റ്റർ സാബു പോൾ ഉദ്ഘാടനം നിർവഹിച്ചു. പാസ്റ്റർമാരായ പ്രിൻസ് തോമസ്, അജി ആന്റണി, റെജി ശാസ്താംകോട്ട, തോമസ് ഫിലിപ്പ് വെണ്മണി എന്നിവർ ദൈവ വചനം പ്രസംഗിച്ചു. ഐക്യ കൺവൻഷന്റെ പ്രചരണാർത്ഥം 2017 ഫെബ്രുവരി 1 ബുധനാഴ്ച നാറാണംമൂഴി പഞ്ചായത്തിൽ മുഴുവൻ പരസ്യയോഗങ്ങളും ബൈക്ക്റാലിയും നടത്തി.കൺവൻഷനോടനുബന്ധിച്ച് വെള്ളിയാഴ്ച പകൽ 10.30 മുതൽ കണ്ണമ്പള്ളി ശാരോൻ ചർച്ചിൽവച്ച് നടന്ന സംയുക്ത ഉപവാസപ്രാർത്ഥനയിൽ പാസ്റ്റർ സോമൻകുട്ടി വചന ശുശ്രൂഷ നടത്തി.പാസ്റ്റർമാരായ ആൽബർട്ട് ചെറിയാൻ, റെജി കെ.ഏബ്രഹാം, ആന്റണി മെയിൻ, സഹോദരന്മാരായ വി. എം. വർഗീസ്, ജോർജ്കുട്ടി, എം. എം. കര്യാക്കോസ് എന്നിവർ നേതൃത്വം നല്കി.

**കൈച്ചിറ:** ശാരോൻ ഫെലോഷിപ് ചർച്ച് കണ്ണമ്പള്ളി സെക്ഷന്റെ ആഭിമുഖ്യത്തിൽ കൈച്ചിറയിൽ ബ്ര. കെ. റ്റി. തോമസ് (അനിയൻ കുഞ്ഞ്) കൈച്ചിറയുടെ ഭവനാങ്കണത്തിൽ 2017 ഫെബ്രുവരി 14 ചൊവ്വ മുതൽ 16 വ്യാഴം വരെ കൺവൻഷൻ നടക്കുന്നു. ശാരോൻ ഫെലോഷിപ്പ് ചർച്ച് വൈസ് പ്രസിഡന്റ് പാസ്റ്റർ പി. എം. ജോൺ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, സാബു പോൾ, ബിജു ജോസഫ് എന്നിവർ ദൈവവചനം പ്രഘോഷിക്കുന്നു. ശാരോൻ വോയ്സ് ഗാനശുശ്രൂഷ നിർവഹിക്കുന്നു.

# സെന്റർ കൺവൻഷൻ

**അടൂർ:** ഐ.പി.സി. വെസ്റ്റ് സെന്റർ കൺവൻഷൻ സമാപിച്ചു. കടമ്പനാട് കല്ലുകുഴി ഐ.പി.സി. ഹെബ്രോൻ ഗ്രൗണ്ടിൽ 2017 ഫെബ്രുവരി 1 ബുധനാഴ്ച സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ഷാജു സി. ജോസഫ്, എബി എബ്രഹാം, സണ്ണി കുര്യൻ, ഫിലിപ്പ് പി. തോമസ് എന്നിവർ പ്രസംഗിച്ചു. സെന്റർ ക്വയർ ഗാനശുശ്രൂഷ നടത്തി. സണ്ടേസ്കൂൾ, പി.വൈ.പി.എ. സോദരി സമാജം വാർഷികം നടന്നു. ഫെബ്രു. 5 ഞായറാഴ്ച നടന്ന സംയുക്ത സഭായോഗത്തിൽ പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ജോൺസൻ ഡാനിയേൽ സമാപന സന്ദേശം നൽകി. പാസ്റ്റർമാരായ തോമസ് ജോസഫ്, ജോസ് എ.സി., ബിജു കോശി, സാജൻ ഈശോ, മാർക്ക് എൻ. തങ്കച്ചൻ എന്നിവർ നേതൃത്വം നൽകി.

# M.Sc ഫിസിക്സ് ഫസ്റ്റ്റാങ്ക് ഡബ്ല്യു.എം. ഇ വിശ്വാസിക്ക്



**കരിയംപ്ലാവ്:** എം.ജി യൂണിവേഴ്സിറ്റി M.Sc ഫിസിക്സ് ഒന്നാം റാങ്ക് സുബി മാത്യു കരസ്ഥമാക്കി. ഡബ്ല്യു.എം. ഇ എഴുമറ്റൂർ സെന്ററിൽ അറഞ്ഞിക്കൽ ലോക്കൽ സഭയിലെ മാത്യു-തങ്കമ്മ ദമ്പതികളുടെ രണ്ടാമത്തെ മകളാണ് സുബി മാത്യു. യൂണിവേഴ്സിറ്റി തലത്തിൽ പോസ്റ്റ് ഗ്രാജുവേഷന് ഒന്നാം റാങ്ക് നേടിയ സുബി മാത്യു അഭിനന്ദനാർഹമായ നേട്ടമാണ് ലഭിച്ചത്.


അക്ഷര നഗരിയിൽ ആരാധനയ്ക്കായി സ്വാഗതം

കോട്ടയം പട്ടണത്തിൽ എത്തുന്നവർക്ക് ആത്മീയ ആരാധനയ്ക്കായി സ്വാഗതം.



പാസ്റ്റർ സജി മുട്ടം നേതൃത്വം നൽകുന്നു.

ആരാധന: ഞായർ രാവിലെ 10 -12 വരെ
സ്ഥലം: വൈ. എം. സി. എ. ബോർഡ് റൂം കോട്ടയം

പാസ്റ്റർ സജി മുട്ടം
ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യാ
കോട്ടയം സിറ്റി ചർച്ച്
ഫോൺ: 9961114001




# ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി ഗ്രാഡുവേഷൻ 2016



22-ാം ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ഗ്രാഡ്വേഷനിൽ റവ. ഡോ. ജോൺസൺ ഡാനിയേൽ ബിരുദം നൽകുന്നു

ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ഗ്രാഡുവേഷൻ സർവ്വീസ് ഡിസംബർ 24-ാം തീയതി ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ആഡിറ്റോറിയത്തിൽ നടന്നു. ഡിസംബർ 24 - ന് ന്യൂ ലൈഫ് ഗ്രൗണ്ടിൽ വച്ചുനടന്ന ബിരുദ ദാന സമ്മേളനത്തിൽ സഭാ നേതാക്കൾ, വിശ്വാസികൾ, സാമൂഹികപ്രവർത്തകർ തുടങ്ങി ആയിരങ്ങളെ സാക്ഷിനിർത്തി സെമിനാരിയുടെ സ്ഥാപക പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ അവർക്ക് ബിരുദം നൽകി. എ.ജി. മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് വി.റ്റി. എബ്രഹാം മുഖ്യ അതിഥി ആയിരുന്നു. വേദ പാണ്ഡിത്യവും, അനുഭവ സമ്പത്തുമുള്ള അധ്യാപകരുടെ നേതൃത്വത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും 150-ൽ പരം വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നു. ഡോ.രാജീവ് എം. തോമസ് പ്രിൻസിപ്പാളായും, റവ. ക്രിസ്റ്റഫർ സി. തമ്പി അക്കാഡമിക് ഡീനായും, റവ.സ്റ്റാൻലി ജോസ് രജിസ്ട്രാറായും ചുമതല വഹിക്കുന്നു. ഈ വർഷം 53 വിദ്യാർത്ഥികളാണ് പ്രേക്ഷിത ദൗത്യം എന്ന മഹാനിയോഗം ശിരസ്സാ വഹിച്ചുകൊണ്ട് സുവിശേഷ വയലുകളിലേക്ക് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ നിന്നും പുറത്തിറങ്ങിയത്. ഗ്രാഡുവേഷനോടനുബന്ധിച്ച് നടന്ന സാംസ്ക്കാരിക സമ്മേളനത്തിൽ അർബുദ രോഗികൾക്കുള്ള ചികിത്സാ സഹായ വിതരണം പഞ്ചായത്ത് പ്രസിഡന്റ് കുമാരി എസ്.ചിത്രയും 200 കോളേജ് സ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള സഹായവിതരണം ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ. ഡാനിയേലും തൊഴിൽരഹിതർക്ക് നൽകുന്ന തയ്യൽ മെഷീൻ വിതരണം മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വാളിയോട് ജേക്കബും നിർവ്വഹിച്ചു. ഇവിടെ M.Th (Missiology), M.Th (Church History), M.Div, M.Div Distant Education, B.Th(Malayalam & English ), Dip.Th (English) എന്നീ കോഴ്സുകൾ എ.റ്റി.എ അംഗീകാരമുള്ളതും G.Th (Malayalam) കോളേജ് കോഴ്സായും നടത്തപ്പെടുന്നു. അടുത്ത അധ്യയന വർഷം ഏപ്രിൽ 24 - ന് തുടങ്ങും.


5 ഗിഫ്റ്റ്സുമായി ദേ എത്തിപ്പോയി എക്സൽ വി ബി എസ്സ് 2017



എക്സൽ വി.ബി.എസ്സ് ഡയറക്ടേഴ്സ് ട്രയിനിംഗ് 2017

| | | |
|---|---|---|
| ഫെബ്രുവരി 24 | കാഞ്ഞങ്ങാട്, സി.എസ്സ്. ഐ ഹാൾ, | ബ്ര. അലക്സ്. 9400103702 |
| ഫെബ്രുവരി 25 | കണ്ണൂർ, ബൈബിൾ ഭവൻ, മേലേചൊവ്വ, | ബ്ര. റജിനോൾഡ് വിൻസന്റ്, 9895423871 |
| ഫെബ്രുവരി 23 | തളിപ്പറമ്പ്, ഐപി സി ഹാൾ | പാ. വിനോദ്, 9495082653 |
| മാർച്ച് 1,2 | തൃശ്ശൂർ-പറവട്ടാനി, ശാരോൻ ചർച്ച് | പാ. ഒ.പി ബാബു 9961197614 |
| മാർച്ച് 2 | നെൻമാറാ ഐപിസി ടൗൺ | പാ. ജോയിസ് 9447561154 |
| മാർച്ച് 2 | മണ്ണാർകാട് - ചർച്ച് ഓഫ് ഗോഡ് | പാ.ജയൻ 9745147389 |
| മാർച്ച് 3 | നിലമ്പൂർ- ഗത്സമന, ആനക്കല്ല് | പാ. കെസി ജോസഫ് - 9497119129 |
| മാർച്ച് 3 | തൃശ്ശൂർ- കുന്നംകുളം ,ഐ.പി.സി. ഫെയ്ത്ത് സിറ്റി ചർച്ച് | പാ. സണ്ണി 8089757548 |
| മാർച്ച് 4 | പാലക്കാട് ടൗൺ എ. ജി. ചർച്ച് | പാ.സത്യൻ 8086868825, 9605828744 |
| മാർച്ച് 4 | മാനന്തവാടി ഹെബ്രോൻ ഹാൾ | പാ. ജയ്സൻ,യൂ പി , 9495030917 |
| മാർച്ച് 4 | അടൂർ, ലൈഫ് ടൈം വിന്യാർഡ് ചർച്ച് | പാ.ജിനോയി. 9847397347, 9847430140 |
| മാർച്ച് 4 | ഗൂഡല്ലൂർ, ശാരോൻ ചർച്ച് | ബ്ര. ബ്ലസൻ, 8110060097 |
| മാർച്ച് 6 | മീനങ്ങാടി, 54-ാം മൈൽ ചർച്ച് ഓഫ് ഗോഡ് | പാ. കുരിയാക്കോസ്, 9497157132 |
| മാർച്ച് 7 | ചങ്ങനാശ്ശേരി, ഹോളി ട്രിനിറ്റി ചർച്ച് | പാ. റോബിൻ 9496570312 |
| മാർച്ച് 8,9 | കോട്ടയം, ഐ.പി.സി, കഞ്ഞിക്കുഴി | ബ്ര. സാജു കെ ഫിലിപ്പ് 9539299130 |
| മാർച്ച് 10 | താമരശ്ശേരി , വ്യാപാര ഭവൻ | പാ.ബോബു എൻ.ഡി 9349338846 |
| മാർച്ച് 10 | ഏലപ്പാറ ഐപിഎ ചർച്ച് | പാ. ഫെലിക്സ് 9447687442 |
| മാർച്ച് 11 | കോഴിക്കോട്, ടൗൺ ഏ. ജി. ചർച്ച് | പാ. സാജൻ 9495924091 |
| മാർച്ച് 11 | പുനലൂർ, വൈഎംസിഎ ഹാൾ | ബ്ര. ജസ്റ്റിൻ 9539014820 |
| മാർച്ച് 11 | മുണ്ടക്കയം എ. ജി. ചർച്ച്, | പാ ബ്ലസ്സൻ 9961959222 |
| മാർച്ച് 11 | കുമളി എ. ജി. ചർച്ച്, | പാ. സന്തോഷ് 9447052539 |
| മാർച്ച് 13 | തൊടുപുഴ, ഉടുമ്പന്നൂർ പ്രയ്സ് സെന്റർ | പാ.ജോബിൻ 9495023466 |
| മാർച്ച് 14,15 | നെടുമങ്ങാട്, കെഎഫ്എം ചർച്ച് | പാ.സ്റ്റുവർട്ട് 9947488279 |
| മാർച്ച് 15 | കൊല്ലം, ചർച്ച് ഓഫ് ഗോഡ്, | ബ്ര.സാംസൺ 9495964095, |
| മാർച്ച് 15, 16 | തിരുവനന്തപുരം, ശാലോം ടവർ, മെഡിക്കൽ കോളജ് | ബ്ര.സാംസൺ 9495964095, |
| മാർച്ച് 17 | പത്തനാപുരം, ക്രൗൺ ഓഡിറ്റോറിയം | പാ.ജോൺസൺ 9539827918 |
| മാർച്ച് 18 | മൂവാററുപ്പുഴ, നോർത്ത് മാറാടി മൈത്രി നഗർ | ബ്ര. അൻസൺ, 9846535388 |
| മാർച്ച് 17,18 | നെയ്യാറ്റിൻകര മുൻസിപ്പൽ ഹാൾ | പാ. സനോജ് 9846621434 |
| മാർച്ച് 18 | മാവേലിക്കര ഐ.ഇ.എം | ബ്ര. അനിൽ 9947401731 |
| മാർച്ച് 21 | കാട്ടക്കട, ക്രിസ്തു കൃപാശ്രമം | പാ. ബ്രൈറ്റ് ഡാനിയേൽ 9446190073 |
| മാർച്ച് 22 | കൊട്ടാരക്കര, ചർച്ച് ഓഫ് ഗോഡ്, | പാ.ജിനോയി. 9847397347, 9847430140 |
| മാർച്ച് 23 | എറണാകുളം,തോപ്പുംപടി, ചർച്ച് ഓഫ് ഗോഡ്, | പാ. പോൾസൻ, 8891260605 |
| മാർച്ച് 24,25 | മാരാമൺ, മർത്തോമ റിട്രീറ്റ് സെന്റർ | ബ്ര. അനിൽ 9947401731 |

നിങ്ങളുടെ സീറ്റുകൾ ഇന്നുതന്നെ ഉറപ്പാക്കുക
കൂടുതൽ വിവരങ്ങൾക്ക്: 9495834994,9496325026
EXCEL VBS MINISTRIES
P.B.No:82, Pathanamthitta P.O, Kerala, S.India

# നിത്യതയിൽ



**പി. ജോർജ് (84)**

**ഫ്ളോറിഡ:** ഒർലാന്റോ ഐ. പി. സി. സഭാംഗം പുത്തൻവീട്ടിൽ പി ജോർജ് (84) ഫ്ളോറിഡയിൽ നിര്യാതനായി. ഭാര്യ ലീലാമ്മ ജോർജ്. കല്ലിശ്ശേരി നൈപ്പള്ളിയുഴത്തിൽ കുടുംബാംഗമാണ്. മക്കൾ: ഷീബാ, ഷാജി, ഷെപ്പേർഡ്. മരുമക്കൾ: അലക്സാണ്ടർ ജോർജ്, ലില്ലി, ബീനാ. കൊച്ചുമക്കൾ: ജോയൽ ജോർജ്, ഡാനിയേൽ ജോർജ്, ജെരമിയ ജോർജ്, ജെന്നിഫർ, ആരൻ.



**പാസ്റ്റർ കെ. പി. തോമസ്**

**അടൂർ:** കണിയാംപറമ്പിൽ പാപ്പി വർഗ്ഗീസിന്റെയും കുഞ്ഞമ്മ പാപ്പിയുടെയും രണ്ടാമത്തെ മകനായ പാസ്റ്റർ കെ.പി.തോമസ് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം നടത്തി.

ഭാര്യ: അന്നമ്മ തോമസ്, മക്കൾ: സാം തോമസ്, ജോൺസൺ, ജെയിംസ്, മരുമക്കൾ: ഹെഫ്സി, ഷീബ, ഹെഫ്സിബ



**മേരിക്കുട്ടി ജോർജ് വാഴപ്ലാവിൽ(80)**

**റാന്നി:** അസംബ്ലീസ് ഓഫ് ഗോഡ് മുൻ സഭാശുശ്രൂഷകൻ പരേതനായ റവ. എ. കെ. ജോർജിന്റെ സഹധർമിണിയും പാസ്റ്റർ ബാബു ജോർജിന്റെ മാതാവുമായ മേരിക്കുട്ടി ജോർജ് വാഴപ്ലാവിൽ(80) നിത്യതയിൽ. അസംബ്ലീസ് ഓഫ് ഗോഡ് ആദ്യകാല പ്രവർത്തകയായിരുന്നു. ആറു പതിറ്റാണ്ട് ഭർത്താവിനോടൊപ്പം കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു. നിരവധി സഭകൾ സ്ഥാപിക്കുന്നതിനും കഴിഞ്ഞു. സംസ്ക്കാര ശുശ്രൂഷയിൽ പാസ്റ്റർമാരായ മാത്യു ജോർജ്, സണ്ണി, ഡോ. രാജു തോമസ്, പാസ്റ്റർ പ്രിൻസ് മാത്യു തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിച്ചു. എം പി.ശ്രീ. ആന്റോ ആന്റണി, എം എൽ എ ശ്രീ. രാജു ഏബ്രഹാം, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. എം. ജി. കണ്ണൻ, ബ്ലാക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി മേഴ്സി പാണ്ടിയത്ത്, പഞ്ചായത്ത് അംഗങ്ങൾ, മുൻ കേന്ദ്രമന്ത്രി ശ്രീ. പി. സി. തോമസ് എന്നിവർ അനുശോചിച്ചു. സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ ഓ. ശാമുവേൽ, പാസ്റ്റർ പി. കെ. മാത്യു, പാസ്റ്റർ സജി ജോയി, പാസ്റ്റർ സതീഷ് മണ്ണിൽ എന്നിവർ നേതൃത്വം നല്കി. മറ്റു മക്കൾ മേഴ്സി ഫ്രാൻസിസ്, ജെസി കുര്യൻ. മരുമക്കൾ: ബേബി ബാബു, ഫ്രാൻസിസ് കട്ടക്കയം, കുര്യൻ ജേക്കബ് കൊട്ടൂരഴിയത്ത്.



**പ്രിയ റെജി (35)**

**മാവേലിക്കര:** ഉദയപൂർ ഫിലദൽഫിയ ചർച്ച് ഫീൽഡ് കോർഡിനേറ്ററും പാസ്റ്റർ റെജി തോമസിന്റെ ഭാര്യ പ്രിയ (35) നിത്യതയിൽ. ലിവർ ക്യാൻസർ ആണ് മരണകാരണം. സംസ്കാരം മാവേലിക്കര ചുനക്കര സീയോൻ ഐപിസി സെമിത്തേരിയിൽ നടത്തി. മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ വേദപഠനത്തിനുശേഷം ഉത്തരഭാരതത്തിൽ സുവിശേഷ വേലയിൽ വ്യാപൃതയായിരിക്കെ ആണ് ആകസ്മിക വേർപാട് സംഭവിച്ചത്. മക്കൾ: ഷിഫ, ജെഫ്രി




# Leadership Empowerment & Descipleship(LEAD)

ഐ.പി.സി കേരളാ സ്റ്റേറ്റ് കൗൺസിലിന്റെ നേതൃത്വത്തിൽ കോട്ടയം ഐ. പി. സി. തിയോളജിക്കൽ സെമിനാരിയുമായി സഹകരിച്ച് ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ കോട്ടയം ഐപിസി സെമിനാരി ക്യാമ്പസിൽ വെച്ച് ക്രിസ്തീയ ശുശ്രൂഷകർക്കു വേണ്ടി Leadership Empowerment & Descipleship(LEAD) Institute ക്രമീകരിച്ചിരിക്കുന്നു. സജീവമായി ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന 50 വയസ്സു വരെ പ്രായമുള്ളവർക്കായി നടത്തപ്പെടുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രഗത്ഭരായ വേദ അദ്ധ്യാപകരും സഭാപരിപാലനത്തിലും സഭാ വളർച്ചയിലും കർത്താവ് ശക്തമായി ഉപയോഗിക്കുന്നവരുമായ കർത്തൃദാസന്മാർ ക്ലാസുകൾ നയിക്കുന്നു. 150 പേർക്ക് മാത്രമായി ക്രമീകരിച്ചിരിക്കുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ടിനു മുൻകൂർ രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. രജിസ്റ്റർ ചെയ്യുന്ന എല്ലാ അംഗങ്ങളും എല്ലാ സെക്ഷനുകളിലും പൂർണ്ണമായി പങ്കെടുക്കേണ്ടതാകുന്നു. 27-ാം തീയതി തിങ്കളാഴ്ച 3 മണിക്ക് ആരംഭിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് മാർച്ച് 2-ാം തീയതി വ്യാഴാഴ്ച ഒരു മണിയോടു കൂടി അവസാനിക്കുന്നതാണ്. പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതാണ്. സഭാ ശുശ്രൂഷയോടും വളർച്ചയോടുമുള്ള ബന്ധത്തിൽ ആനുകാലിക പ്രസക്തമായ വിഷയങ്ങൾ പഠിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന ക്ലാസ്സുകളും വർക്ക്ഷോപ്പുകളും ഉൾപ്പെടുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ട് പങ്കെടുക്കുന്നവർക്ക് പുത്തൻ ഉണർവ്വും കാഴ്ചപ്പാടുകളും നല്കുമെന്നതിൽ സംശയമില്ല. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ, 8129687374, 9400716772 നമ്പരുകളിൽ നേരിട്ട് ബന്ധപ്പെടുക.

# യു.പി.എഫ് വാർഷിക കൺവൻഷൻ

കുന്നംകുളത്തേയും പരിസര പ്രദേശങ്ങളിലുമുള്ള പെന്തക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തക്കോസ്ത് ഫെല്ലോഷിപ്പ് (യു.പി.എഫ്) 36-ാമത് വാർഷീക കൺവൻഷൻ റിവൈവൽ 2017 സമാപിച്ചു. ജനുവരി 25 ന് കുന്നംകുളം സുവാർത്താ നഗറിൽ പാസ്റ്റർ കെ.ജെ ഫിലിപ്പ് (ശാരോൻ ഫെല്ലോഷിപ് സെന്റർ മിനിസ്റ്റർ) ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ പാസ്റ്റർമാരായ അബി ആന്റണി, സുഭാഷ് കുമരകം, കെ. ജോയ്, എബി അബ്രഹാം, ബാബു ചെറിയാൻ, ഫിജി ഫിലിപ്പ്, സിസ്റ്റർ സൂസൻ ടി. സണ്ണി എന്നിവർ വിവിധ ദിവസങ്ങളിലായി ദൈവവചനം സംസാരിച്ചു. മെഗാ ബൈബിൾക്വിസ് സമ്മാന വിതരണം, സഹോദരി സമ്മേളനം, സംയുക്ത ആരാധന, യുവജന സമ്മേളനം എന്നിവ വിവിധ ദിവസങ്ങളിലായി നടന്നു. ഡോ: ബ്ലസ്സൻ മേമന യു.പി.എഫ് ക്വയറിനോടൊപ്പം സംഗീതാരാധനക്ക് നേതൃത്വം നൽകി. 29 ന് നടന്ന സമാപന സമ്മേളനത്തിൽ പാസ്റ്റർമാരായ ലാസർ മുട്ടത്ത്, പ്രതീഷ് ജോസഫ് , ബ്രദർ പി.ആർ ഡെന്നി, ബ്രദർ കെ.ജി. ജസ്റ്റിൻഎന്നിവർ നേതൃത്വം നൽകി

# യു.പി.എഫ്. ആദരിച്ചു



**കുന്നംകുളം:** സുവിശേഷീകരണ രംഗത്ത് ആറ് പതിറ്റാണ്ട് പിന്നിടുന്ന പാസ്റ്റർ പി.വി. ചുമ്മാറിനേയും ക്രൈസ്തവ സംഗീത ലോകത്ത് മുന്നൂറിലേറെ ഗാനങ്ങൾ രചിച്ച പാസ്റ്റർ ഭക്തവത്സലനേയും സ്വദേശമായ കുന്നംകുളത്തെ വിശ്വാസ സമൂഹം യു.പി.എഫ്. വാർഷീക കൺവൻഷനോടനുബന്ധിച്ചു നടന്ന പ്രത്യേക സമ്മേളനത്തിൽ ആദരിച്ചു. അഴലേറും ജീവിത മരുവിൽ... ഉൾപ്പെടെ അനേകം ഗാനങ്ങൾ രചിക്കുകയും കുന്നംകുളം പഴഞ്ഞി മറ്റു പരിസര പ്രദേശങ്ങളിലും സുവിശേഷീകരണ രംഗത്ത് ആറ് പതിറ്റാണ്ടു പിന്നിടുന്ന പാസ്റ്റർ പി.വി.ചുമ്മാറിനെ യു.പി.എഫിനു വേണ്ടി പാസ്റ്റർ ബാബു ചെറിയാൻ മെമെന്റോ നൽകി ആദരിച്ചു. ക്രൈസ്തവ കൈരളിക്ക് അനശ്വര ഗാനങ്ങൾ നൽകിയ പാസ്റ്റർ ഭക്തവത്സലനെ ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗം പാസ്റ്റർ ചാക്കോ ദേവസ്യ യു.പി.എഫിനു വേണ്ടി മെമെന്റോ നൽകി ആദരിച്ചു. പാസ്റ്റർ പ്രതീഷ് ജോസഫ് അദ്ധ്യക്ഷനായിരുന്നു.

# സോൾ വിന്നേഴ്സ് ഇന്ത്യ സെമിനാരിക്ക് എം. ഡിവ്. ന് അംഗീകാരം ലഭിച്ചു



**മദ്ധ്യപ്രദേശ്:** സോൾ വിന്നേഴ്സ് ഇന്ത്യ ബെഥേൽ ബൈബിൾ സെമിനാരിക്ക് ഐഎറ്റിഎ യൂണിവേഴ്സിറ്റിയുടെ മാസ്റ്റർ ഓഫ് ഡിവിനിറ്റി ഡിഗ്രി കോഴ്സ് നടത്തുന്നതിനുള്ള ഔദ്യോഗിക അംഗീകാരം ലഭിച്ചു. ബി.റ്റി.എച്ച്-മൂന്ന് വർഷം, ഡി.റ്റി.എച്ച്-രണ്ട് വർഷം, സി.റ്റി.എച്ച്-ഒരു വർഷം (ഹിന്ദി, ഇംഗ്ലീഷ്) എന്നീ കോഴ്സുകൾ നിലവിൽ നൽകുന്നുണ്ട്.

എം. ഡിവിന് രണ്ട് വർഷത്തെ റെഗുലർ കോഴ്സുകൾ, ഹാഫ് ടൈം കോഴ്സും, ഡിസ്റ്റൻസ് കോഴ്സും ചെയ്യാവുന്നതാണ്.

**Patmos Ministries India**

ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും

**പ്രാർത്ഥനയ്ക്കായി വിളിക്കൂ**

**പത്മോസ് പ്രയർ ടവർ**

തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959

Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

ധ്യാനം

# ഹാബേലിനെ വെറുതെ വിടുക- ഇനിയും അവസരമുണ്ട്!!



ഷൈജു ഡാനിയേൽ,
അടൂർ

നാം ആരും പൂർണ്ണരല്ല എന്നതിനാൽ തന്നെ ദൈവം എപ്പോഴും രണ്ടാമതൊരവസരം തെറ്റു തിരുത്തലിനായും മടങ്ങിവരവിനായും അനുവദിച്ചു നൽകാറുണ്ട്. ലഭ്യമാകുന്ന ആദ്യത്തെ അവസരം വിനിയോഗിക്കുന്നതിൽ സംഭവിച്ച അപാകതകൾ തിരിച്ചറിഞ്ഞു ദൈവത്തിന്റെ ഇഷ്ടങ്ങളും താല്പര്യങ്ങളും നന്നായി മനസ്സിലാക്കി വീണ്ടും ദൈവമുഖം അന്വേഷിക്കുവാനുള്ള സാധ്യതകൾ നാം കണ്ടെത്തണം. ജയിച്ചാലും തോറ്റാലും ഒറ്റ പ്രാവശ്യം മാത്രം അവസരം എന്ന നീതി രഹിത സമീപനങ്ങൾ ദൈവത്തിനില്ല. ഒരാൾക്കും രണ്ടാമതൊരവസരം നൽകാതെ അവരെ എന്നെന്നേക്കുമായി അവഗണിക്കുന്ന ഒരു രീതി ദൈവിക രീതി തിരുവചനത്തിനന്യമാണ്. ദൈവപ്രസാദം തേടി നാം നടത്തുന്ന പ്രഥമ പരിശ്രമങ്ങളോടുള്ള ദൈവത്തിന്റെ പ്രതികരണങ്ങൾ ചിലപ്പോഴൊക്കെ നമുക്കനുകൂലമാകണം എന്നില്ല. അതിന്റെ അർത്ഥം ഇനി ഒരിക്കലും ദൈവം എന്നിൽ പ്രസാദിക്കുകയില്ലെന്നോ മേലിൽ എനിക്കു ദൈവത്തെ സന്തോഷിപ്പിക്കാൻ കഴിയുകയില്ലെന്നോ അല്ല. ദൈവിക വ്യവസ്ഥകൾക്കനുസരിച്ചു നമ്മുടെ പരിശ്രമങ്ങൾ ആയിത്തീരുമ്പോൾ ദൈവപ്രസാദം നമ്മിൽ ഉണ്ടാകും... അതൊരു പക്ഷെ നമുക്ക് ലഭിക്കുന്ന രണ്ടാം അവസരങ്ങളിലൂടെയാകാം!! രണ്ടാം അവസരങ്ങളെ കണ്ടെത്തി അതിനായുള്ള ചുവടുവെയ്പ്പുകൾ നമ്മിൽ നിന്നും മനഃപൂർവ്വമായി ഉണ്ടാകേണം!!

ഹാബേലിനെ കൊലപ്പെടുത്താതെ വിടുക... കയീനെ: നിനക്ക് ഇനിയും അവസരങ്ങൾ ഉണ്ട്!! കയീൻ നടത്തിയ ഒന്നാമത്തെ യാഗത്തിൽ ദൈവപ്രസാദമുണ്ടായില്ല എന്നത് വാസ്തവമാണെങ്കിലും ഇതോടുകൂടി നിന്റെ എല്ലാ അവസരങ്ങളും തീർന്നുപോയി എന്ന് ദൈവം അവനോടും എങ്ങും പറഞ്ഞതായി രേഖയില്ല!! "എന്നാറെ യഹോവ കയീനോടു: നീ കോപിക്കുന്നതു എന്തിനു? നിന്റെ മുഖം വാടുന്നതും എന്തു? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു" എന്ന ദൈവത്തിന്റെ പ്രസ്താവനയിലൂടെ വ്യക്തമാക്കപ്പെടുന്നത്. ഇനിയും നിനക്ക് നന്മ ചെയ്തു ദൈവപ്രസാദം നേടാനുള്ള അവസരങ്ങൾ ഉണ്ട് എന്നതാണ്!! ആദ്യ വഴിപാടിലെ പോരായ്മകൾ മനസ്സിലാക്കി, നന്മക്കു പകരം നിലനിന്ന തിന്മയുടെ അംശങ്ങളെ തിരിച്ചറിഞ്ഞു ഒരു പുനഃക്രമീകരണം നടത്തി രണ്ടാമത് വീണ്ടും യാഗമർപ്പിച്ചു ദൈവത്തോടൊപ്പം ചേർന്നു നിൽക്കാനുള്ള അവസരങ്ങൾ അവനുണ്ടായിരുന്നു. ഒന്നാം വഴിപാടിലെ പരാജയ കാരണങ്ങൾ ദൈവം അവനോടു അക്കമിട്ടറിയിക്കുമ്പോൾ അവനിലൂടെയും ദൈവം പ്രതീക്ഷിച്ചതു ഒരു മടങ്ങി വരവിനുള്ള സാധ്യതകൾ ആയിരുന്നു!! ദൈവീകതയോടുള്ള, ദൈവിക ശുശ്രൂഷയോടുള്ള, തിരുവചനത്തെ വിവേകമില്ലാതെ കൈകാര്യം ചെയ്യുന്ന നമ്മുടെ സമീപനങ്ങളോടും പ്രവർത്തികളോടും ദൈവത്തിന്റെ അതൃപ്തി കാര്യകാരണസഹിതം ദൈവം നമുക്ക് വെളിപ്പെടുത്തുമ്പോൾ അതിനുപിന്നിൽ നിലനിൽക്കുന്ന ദൈവോദ്ദേശ്യം, ദൈവം നമ്മിൽ പ്രസാദിക്കുന്ന ഉദാത്തമായ ഒരു തലത്തിലേക്കു നാം വളരുക അഥവാ എത്തിച്ചേരുക എന്നതാണ്!! പക്ഷെ സംഭവിക്കുന്ന പരാജയം, നമ്മുടെ തെറ്റുകളെ ദൈവം നമ്മോടു ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ അതിനോട് നിഷേധ ഭാവത്തിൽ പ്രതികരിച്ചുകൊണ്ട് അവയെ ഉൾക്കൊള്ളാൻ നാം മനസില്ലാത്തവരായി തീരുന്നു എന്നതാണ്!! ദൈവം പ്രസാദിച്ച ഹാബേൽ എന്ന ഭക്തൻ കയീനു മുൻപിൽ നിൽക്കുന്നു. അവനിൽ എന്തു കൊണ്ട് ദൈവം പ്രസാദിച്ചു എന്ന അന്വേഷണം നടത്തി അതെ പാത പിന്തുടർന്ന് കൊണ്ട് ഒരു രണ്ടാം യാഗാർപ്പണത്തിനുള്ള അവസരം കയീനും ഉണ്ടായിരുന്നു. ദൈവത്തിന്റെ "രണ്ടാം അവസരങ്ങളെ" പുറം കാലുകൊണ്ടു തട്ടി മാറ്റി നാം നടക്കുന്നത്, "ഒരു വന്യമൃഗം ഇര പിടിക്കാൻ പതുങ്ങി കിടക്കുന്നതു പോലെ" വാതിക്കൽ കിടക്കുന്ന പാപത്തിന്റെ കരാള ഹസ്തങ്ങളിലേക്കായിരിക്കും!! ദൈവത്തിന്റെ രണ്ടാം അവസരങ്ങളെ വിനിയോഗിക്കാതെ ദൈവപ്രസാദം ഇറങ്ങിയ ആരാധനക്കാരനെ കൊലപ്പെടുത്താൻ കയീൻ നടത്തിയ നീക്കങ്ങൾ ഒരു വലിയ ദുരന്തത്തിലേക്ക് അവനെ നയിച്ചു!!

**ആരെയും എന്നെന്നേക്കുമായി അലഞ്ഞുഴലുന്നവനായി കാണുവാൻ ദൈവത്തിനാഗ്രഹമില്ല. എല്ലാകാലത്തും തെറ്റു പറ്റിയ ജനത്തോടുള്ള ദൈവത്തിന്റെ ആഹ്വാനം മടങ്ങി വരിക എന്നതാണ്. പഴയ നിയമ പ്രവാചകന്മാരുടെ നിരന്തരമായ പ്രവചനം ശബ്ദം ഒരു രണ്ടാം അവസരത്തിനായി ജനത്തെ ക്ഷണിച്ചു കൊണ്ടുള്ളതായിരുന്നു.**

ആരെയും എന്നെന്നേക്കുമായി അലഞ്ഞുഴലുന്നവനായി കാണുവാൻ ദൈവത്തിനാഗ്രഹമില്ല. എല്ലാ കാലത്തും തെറ്റുപറ്റിയ ജനത്തോടുള്ള ദൈവത്തിന്റെ ആഹ്വാനം മടങ്ങി വരിക എന്നതാണ്. പഴയ നിയമ പ്രവാചകന്മാരുടെ നിരന്തരമായ പ്രവചന ശബ്ദം ഒരു രണ്ടാം അവസരത്തിനായി ജനത്തെ ക്ഷണിച്ചു കൊണ്ടുള്ളതായിരുന്നു. ദൈവത്തെ കോപിപ്പിച്ചും ദൈവഹൃദയത്തെ വ്യസനിപ്പിച്ചും നിരർത്ഥക മാർഗ്ഗങ്ങളെയും ശൂന്യമാക്കുന്ന മ്ലേച്ഛതകളെയും പിന്തുടർന്നുകൊണ്ടു നിഷേധഭാവത്തിൽ ദൈവത്തിങ്കൽ നിന്നും നടന്നകലുന്ന യിസ്രായേലിനെ ദൈവത്തിങ്കലേക്കു തിരിക്കാനുള്ള പ്രവാചക പരിശ്രമങ്ങളെ ദൈവമനുവദിക്കുന്ന രണ്ടാം അവസരങ്ങളായി വേണം മനസിലാക്കുവാൻ. പക്ഷെ പലയവസരങ്ങളിലും ദൈവത്തിങ്കലേക്കുള്ള പ്രവാചക വാക്കുകളെ അവർ അവഗണിച്ചു. തന്നിഷ്ടപ്രകാരമുള്ള അവരുടെ യാത്രകൾ അവരെ എത്തിച്ചത് കനത്ത തകർച്ചയിലെക്കായിരുന്നു. ദൈവം അനുവദിക്കുന്ന രണ്ടാം അവസരങ്ങളോടുള്ള നമ്മുടെ അനുകൂലമായോ പ്രതികൂലമായോ ഉള്ള പ്രതികരണമാണ് നമ്മുടെ ഭാവി യാത്രകളുടെ ഗതി നിർണ്ണയിക്കുന്നത്. ദൈവിക അവസരങ്ങളെ മനഃപൂർവ്വം അവഗണിച്ചവരിൽ ചിലർ ഉപ്പുതൂണുകളായി ഇന്നും ചരിത്രത്തിൽ നിൽക്കുന്നു. മറ്റു ചിലർ കഴുത്തിൽ മുറുകിയ കയർ പൊട്ടി നിലത്തുവീണു ഉദരം പിളർന്നു കുടലെല്ലാം തെറിച്ചു വഴിത്തലക്കൽ ചിതറിക്കിടക്കുന്നു!! വെള്ളിക്കാശു വാങ്ങി വഞ്ചന നടത്തിയവൻ ഒടുവിൽ വൈകി വന്ന വിവേകത്താൽ ചെയ്തത് തെറ്റായിപ്പോയി എന്നറിഞ്ഞെങ്കിലും രണ്ടാം അവസരത്തെ വിനിയോഗിക്കുന്നതിൽ പരാജയപ്പെട്ടു. യേശുവിങ്കലേക്കു ഓടേണ്ടതിനു പകരം പള്ളിമുറ്റത്തേക്കോടി പുരോഹിതന്മാരുടെ മുൻപിൽ കരഞ്ഞു പറഞ്ഞെങ്കിലും അത് ഫലം കണ്ടില്ല. തെറ്റ് പറ്റിപോയി എന്ന അറിവുകൊണ്ടു മാത്രം കാര്യമായില്ല...ആ തെറ്റിൽ നിന്നും ദൈവത്തിങ്കലേക്കുള്ള മടങ്ങിപ്പോക്ക് സാധ്യമാകുന്നത് രണ്ടാം അവസരങ്ങളെ വിവേക പൂർവ്വം ചെയ്യുന്നതിലൂടെ മാത്രമാണ്!!.

ലേഖനം

# ആഭരണ വർജ്ജനം കപട ഭക്തിയോ?



സ്കറിയ. ഡി. വർഗീസ്,
വാഴൂർ, 9809807752

ആധുനിക പെന്തെക്കോസ്തുലോകത്തിൽ പ്രത്യേകിച്ച് കേരളകരയിൽ ഏറ്റവും ചർച്ചകൾക്കും തർക്കങ്ങൾക്കും എല്ലാം കാരണമായ വിഷയമാണല്ലോ ആഭരണ വർജ്ജനം. നമ്മുടെ നാട്ടിൽ ജീവിച്ചു മൺമറയപ്പെട്ട ഭക്തന്മാരായ ദൈവദാസന്മാർക്ക് ആഭരണധാരണം വിശുദ്ധ ജീവിതത്തിന് തടസ്സമാണ് പരിശുദ്ധാത്മാവ് ബോധ്യപ്പെടുത്തിയതിനാൽ ഇവിടെ ആഭരണ വർജ്ജനം കർശനമായി അവർ നടപ്പിലാക്കി. എന്നാൽ കാലം മുൻപോട്ടു നീങ്ങിയപ്പോൾ 'ഉഡായിപ്പും തരികിട പണികളും കൈമുതലായുള്ള ചില കപട ഉപദേശിമാർ പെന്തെക്കോസ്തു ഗോളത്തിലേക്കു വലിഞ്ഞു കയറി. ആഭരണ വർജ്ജനം വിദ്യാഭ്യാസമില്ലാത്ത പൂർവ്വപിതാക്കന്മാർക്കു പറ്റിയ മണ്ടത്തരമാണ് എന്നും ആഭരണക്കാര്യത്തിലുള്ള കടുംപിടുത്തം ഉപേക്ഷിച്ച് സഭയിൽ പരമാവധി ആളെ കൂട്ടണം എന്നും ഇവർ ജനത്തെ പറഞ്ഞു പഠിപ്പിച്ച് പരമാവധി വഴി തെറ്റിക്കുവാൻ നോക്കുന്നു.

**ആദ്യകാല ആഭരണങ്ങൾ അഥവാ മാന്ത്രിക ഏലസുകൾ:** തുടക്കത്തിൽ പ്രത്യേക രൂപത്തിലുള്ള എലസുകൾ, വിവിധ ലോഹങ്ങൾ എന്നിവയിൽ മന്ത്രം ജപിച്ച് ദിവ്യ ശക്തി ആരോപിച്ച് കെട്ടുന്ന പരിപാടി ഉണ്ടായിരുന്നു. മംഗല്യതാലി, രുദ്രാക്ഷം എന്നിവയുമായി എല്ലാം ഇതു ക്രമേണ രൂപാന്തരപ്പെട്ടു. ഇന്ന് നിലവിലുള്ള എല്ലാ ആഭരണ മാതൃകകളിലും വിവിധ അന്യദൈവ ആരാധന മൂർത്തികളുടെ ചിഹ്നങ്ങൾ ഉൾപ്പെടുന്നവയാണ്.

ചുറ്റുമുള്ള ജനമെല്ലാം ആഭരണം ധരിക്കുമ്പോൾ തങ്ങൾക്കു മാത്രം എന്തുകൊണ്ട് ആഭരണ ധാരണം നിരോധിക്കപ്പെട്ടു എന്ന് പഴയ നിയമ യിസ്രായേലിനെ അവരുടെ അനുഭവത്തിലൂടെ ബോധ്യപ്പെടുത്താനാണ് ദൈവം തുടക്കത്തിൽ അവർക്കു ആഭരണം അനുവദിച്ചത്. മോശെയുടെ അഭാവത്തിൽ അഹരോൻ നിർമ്മിച്ചു നൽകിയ കാളക്കുട്ടി (യിസ്രായേലിനു പരിചയമുള്ള ഫറവോന്റെയും കൂട്ടരുടെയും ആരാധനമൂർത്തി)യെ നിർമ്മിച്ചത് ജനത്തിന്റെ പക്കലെ ആഭരണങ്ങൾ വാർത്തെടുത്തതാണ്. **അഥവാ ചെറിയ ചെറിയ മൂർത്തികളുടെ ചിഹ്നങ്ങൾ** ഉൾപ്പെടുന്ന ആഭരണങ്ങൾ സംയുക്തമായി ഉപയോഗിച്ച് വലിയ മൂർത്തിയായ കാളയെ ഉണ്ടാക്കി എടുത്തു. ഇത് പിന്നീട് വലിയ ശിക്ഷാവിധിയിൽ കാര്യങ്ങൾ എത്തിച്ചു. **ഹോരെബിൽ വച്ച് ആഭരണ ധാരണം എന്നേക്കുമായി നിരോധിക്കപ്പെട്ട യിസ്രായേലിൽ** പിന്നീട് ഒരിക്കൽ പോലും ആഭരണ നിരോധനം പിൻവലിക്കപ്പെട്ടതായി രേഖയില്ല(പുറ:32,33).

എന്നാൽ സമാഗമന കൂടാരത്തിലെ ഉപകരണങ്ങൾ സ്വർഗ്ഗീയമായവയുടെ നിഴലുകളാണ്. എന്നതിനാൽ ആ പ്രതീകങ്ങൾ നിർമ്മിച്ചപ്പോൾ ഭൂമിയിൽ ഏറ്റവും വില കൂടിയ സ്വർണ്ണവും രത്നവും ഉപയോഗിക്കുവാൻ ദൈവം അനുവദിച്ചു (1 കൊരി: 13:5, എബ്രാ:8:1-5). അതുപോലെ തന്നെയാണ് 45-ാം സങ്കീർത്തനവും. ഇവിടെ ഭൂമിയിലെ ഒരു സാധാരണ രാജകീയ വിവാഹത്തെ അതീവ ഗൗരവമേറിയ ക്രിസ്തുവും സഭയും കാന്തയും തമ്മിൽ ഭാവിയിൽ നടക്കുവാൻ പോകുന്ന സ്വർഗ്ഗീയ വിവാഹ രംഗവുമായി കാവ്യഭാഷയിൽ ഉപമിക്കുന്നു എന്നേയുള്ളൂ. മുടിയനായ പുത്രനെ മോതിരം അണിയിക്കുന്നത് ആഭരണം എന്ന നിലയിലല്ല വീട്ടിലെ അധികാരങ്ങൾ പുനർസ്ഥാപിച്ചു നൽകുന്നതിന്റെ ഭാഗമായ പുരാതന മര്യാദപ്രകാരമുള്ള പ്രത്യക്ഷ അടയാളം എന്ന നിലയിൽ മാത്രമാണ്. വെളിപ്പാട് 21: 10-15-ലെ പുത്തനെരുശലേമിലെ സ്വർണ്ണം സ്വച്ഛസ്ഫടികത്തിനൊത്തത് എന്നു വിശേഷിപ്പിക്കുന്നതും, ഇപ്രകാരം തന്നെ. ഭൂമിയിൽ ഇത്രക്കു സുതാര്യമായ സ്വർണ്ണം ഇല്ലല്ലോ. ആകയാൽ ഏറ്റവും ഉന്നതമായതിന്റെ മനുഷ്യഗ്രാഹ്യശക്തിയുടെ പരിമിതിക്കുള്ളിലെ വിവരണം മാത്രമാണ് ഇത്.

ക്രിസ്തുവിന്റെ ആദ്യകാല അനുയായികളും യെരുശലേം സഭയും ഒരിക്കലും ആഭരണം ഉപയോഗിച്ചിരുന്നില്ല. ജനം എത്ര തന്നെ വഴി തെറ്റിയാലും വേർപാടു പുലർത്തി ജീവിക്കുന്ന ഒരു ജനതയെ അന്നും ഇന്നും ദൈവം പരിപാലിച്ചിരുന്നു.

**ക്രിസ്തുവിന്റെ കാലത്ത് കഠിനമായ** വേർപാടിനായി നിലകൊണ്ട് ആഭരണധാരണം ഉൾപ്പെടെ പല ലോക സുഖങ്ങളും വെടിഞ്ഞു ജീവിച്ച എസ്സീന്യരായിരുന്നു ആദ്യകാല ക്രൈസ്തവരിൽ ഭൂരിപക്ഷവും. റോമിലെ ബാഹ്യ ശക്തികൾ ക്രൈസ്തവർക്കെതിരെ ഉന്നയിച്ച പ്രധാന ആരോപണങ്ങളിലൊന്ന്, അവർ ആഭരണം ധരിച്ചിരുന്നില്ല എന്നതാണ്. ആഭരണവർജ്ജനം ഉപദേശം എന്ന നിലയിൽ തന്നെ പുതിയ നിയമം പഠിപ്പിക്കുന്നുണ്ട്. "പിന്നിയ തലമുടി"(മൂലഭാഷ പ്രയോഗത്തിൽ സ്വർണ്ണ നൂലുകളും മറ്റും ചേർത്ത് കൂട്ടത്തോടെ ഡിസൈൻ ചെയ്ത എന്ന് അർത്ഥം). "പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല സൽപ്രവർത്തികളെ കൊണ്ടത്രെ അലങ്കരിക്കേണ്ടത്"(1തിമോ: 2:10,11, 1പത്രോ:3:2-3, 1:1-8) എന്നു വ്യക്തമായിതന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ വേദപാഠശാലകളിൽ പഠിക്കുവാൻ വരുന്നവർ കേവലം തൊഴിലന്വേഷകരാണോ? യഥാർത്ഥ സമർപ്പണമുള്ളവരാണോ? എന്ന് തലമുടി നാരു കീറി വിവേചിക്കുവാൻ വരപ്രാപ്തരായവർ വേദപാഠശാലകൾ നിയന്ത്രിക്കട്ടെ. ദൗർഭാഗ്യവശാൽ ലോകസ്നേഹം മാത്രം തലക്കു പിടിച്ച കുറെ പേർ നമുക്കിടയിൽ വലിഞ്ഞു കയറി. തിരുവചന പ്രകാരമുള്ള സുവിശേഷ യോഗങ്ങളുടെയും കാത്തിരുപ്പു യോഗങ്ങളുടെയും ഒക്കെ സ്ഥാനം, ഫയറും ഡയമണ്ടും തീമഴയും വെടിക്കെട്ട് 2017 ഒക്കെ കൈയടക്കി. എല്ലാം സംഘാടകരുടെ കച്ചവട താൽപര്യ പ്രകാരം മാത്രം. കൺവെൻഷന്റെ വിജയം പിരിഞ്ഞു കിട്ടിയ തുകയുടെ വലുപ്പമായി.

പുരികവും പറിച്ച്, ചുണ്ടും കാലും ചുവപ്പിച്ച്, മുഖത്ത് ചായവും വാരി പൂശി പാതി നഗ്നരായി വിശുദ്ധ സഭായോഗത്തിനു വരുന്ന സഹോദരിമാരെ ആദ്യം ഉപദേശം പഠിപ്പിക്കുകയും, അനുസരിച്ചില്ലെങ്കിൽ അവർ പ്രസ്ഥാനത്തിന് എത്രമാത്രം പണം വാരികോരി നൽകുന്നവരാണ്. എങ്കിലും വിശുദ്ധന്മാരുടെ പാളയത്തിൽ നിന്നും പുറത്താക്കുവാനുള്ള നടപടി തിരുവചനപ്രകാരം സ്വീകരിക്കേണം (മത്താ:18:15,16, 1തിമോ:5:20, 1കൊരി:5:9-13). ബർമുഡയും, ലഗിൻസും ഒന്നും ക്രിസ്തീയ പക്വതപ്രകാരമുള്ള വേഷമല്ല.

ആദിമ കാലത്ത് നിരവധി മാതാക്കൾ, ഭാര്യമാർ, സഹോദരിമാർ ആഭരണം ഊരിയതിന്റെ പേരിൽ ഒത്തിരി അടിയും ഇടിയും ചവിട്ടും എല്ലാം ഏറ്റിട്ടുണ്ട്. അത് അവർ സഹിച്ച ത്യാഗത്തിന്റെ കൂടി ഫലമാണ് കേരള കരയിൽ സത്യ സുവിശേഷം ഇത്രവേഗം പ്രചരിക്കുവാൻ അനേകർ നിത്യജീവൻ പ്രാപിക്കുവാൻ ഇടയാക്കിയത് എന്ന വസ്തുത നാം മറക്കരുത്. ആഭരണം ധരിച്ചാൽ സ്വർഗ്ഗത്തിൽ പോകില്ല? എന്ന ചോദ്യത്തിന്റെ ശരിയായ ഉത്തരം വ്യക്തമായി തിരുവചനത്തിൽ ഉണ്ട്. "ഈ പ്രവചന പുസ്തകത്തിലെ വചനത്തിൽ നിന്ന് ആരെങ്കിലും വല്ലതും നീക്കി കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവ വൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കികളയും"(വെളി: 22:19)

ലേഖനം

# വ്യാപകമാകുന്നു കള്ളനോട്ടുകൾ



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

കള്ളപ്പണം നിയന്ത്രിക്കുന്നതിനും കള്ളനോട്ട് അവസാനിപ്പിക്കുന്നതിനുമാണ് പ്രധാനമന്ത്രി നരേന്ദ്രമോദി 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിക്കൊണ്ട് രാജ്യത്ത് നോട്ട് നിരോധനം നടപ്പാക്കിയത്. ഇതിനു പിന്നാലെ പുതിയ 2000, 500 രൂപ നോട്ടുകളും എത്തിച്ചു. എന്നാൽ ഏറ്റവും പുതിയ വാർത്ത ഈ പുതിയ നോട്ടുകൾക്കും വ്യാജൻ ഇറങ്ങിയിരിക്കുകയാണ് അതിർത്തിയിൽ രണ്ടായിരം രൂപയുടെ കള്ളനോട്ട് വ്യാപകമായതോടെ യഥാർഥ നോട്ടും കള്ളനോട്ടും കണ്ടാൽ തിരിച്ചറിയാൻ സാധാരണക്കാരയ ജനങ്ങൾക്ക് കഴിയാതെ പോകുന്നു. ഇന്ത്യാ ബംഗ്ലാദേശ് അതിർത്തിയിലൂടെയാണ് ഏറ്റവും കൂടുതൽ കള്ളനോട്ട് എത്തുന്നതെന്നാണ് അധികൃതർ കണക്കാക്കുന്നത്. അർധസൈനിക വിഭാഗവും ഇന്റലിജൻസ് ഉദ്യോഗസ്ഥർക്കും 2000 ത്തിന്റെ കള്ളനോട്ട് നിമിത്തം ഉറക്കമില്ലാത്ത രാത്രികളാണ് സമ്മാനിച്ചുവരുന്നത്. കള്ളനോട്ടുകൾ വ്യാപിക്കുന്നതിന്റെ അടിസ്ഥാനമായ ഒരു കാരണം ജനങ്ങളുടെ കൈകളിൽ ഈ നോട്ട് എത്തിച്ചേർന്നിട്ട് അധികം സമയം ആയിട്ടില്ല, അതിനാൽ നോട്ടു പരിചിതമാകാത്തതുകൊണ്ട് ഒറിജിനൽ ഏതാ വ്യജൻ ഏതാ എന്ന് മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഏറ്റവും അടുത്ത് റിസർവ് ബാങ്ക് പുറത്തിറക്കിയ രണ്ടായിരം രൂപ നോട്ടിൽ പതിനേഴ് സുരക്ഷാ പ്രത്യേകതകളുള്ളതാണ്. എന്നാൽ ഇതിനോടകം ഇതിന്റെ പകുതി സവിശേഷതകൾ അതുപോലെ ചേർത്തിട്ടുള്ള വ്യാജനോട്ടുകളാണ് വിപണിയിൽ കണ്ടെത്തിയിരിക്കുന്നത്. അതുകൊണ്ട് തന്നെ ഒറിജിനലും വ്യാജനും തമ്മിൽ തിരിച്ചറിയാൻ നല്ല ശ്രമവും പരിചയവും ആവശ്യമാണ്. യഥാർത്ഥ നോട്ടിൽ നിന്നും ഒട്ടും മാറ്റമില്ലാതെ വാട്ടർമാർക്ക് അടക്കം വെച്ച് പുറത്തിറക്കിയ രണ്ടായിരം നോട്ട് തിരിച്ചറിയുകയെന്നത് ഉദ്യോഗസ്ഥർക്കും സാധരണക്കാരെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളിയാകുന്നുണ്ട്. ഒറിജിനലിനെ വെല്ലുന്ന കള്ളനോട്ടുകൾ കൈയിലത്തെുന്നവർ തങ്ങൾക്ക് പറ്റിയ അബദ്ധം തിരിച്ചറിയുന്നത് ബാങ്കിലത്തെുമ്പോൾ മാത്രമാണ്. ഇപ്രകാരം ബാങ്കുകളിൽ എത്തുന്ന കള്ളനോട്ട് ബാങ്കുകൾ തിരിച്ചുനൽകാത്തതിനാൽ ഒരാൾക്ക് പണം തന്നവനെ അറിഞ്ഞാലും ആ പണം മടക്കിക്കൊടുക്കാൻ കഴിയാത്തതു മൂലം സാമ്പത്തിക നഷ്ടത്തിനിരയാകുന്നവരും ഏറെയാണ്. വൻ തുകക്കുള്ള ഭൂമി ഇടപാടുകളും മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാമ്പത്തിക ഇടപാടുകളും ബാങ്ക് മുഖേന പണം നൽകി നടത്തുന്നത് വ്യാപകമായിട്ടുണ്ട് ഇതുമൂലം കള്ളനോട്ട് ഭീഷണി ഒഴിവാക്കാനാവുന്നു. എന്നാൽ, ചെറിയ ഇടപാടുകളിൽ വന്നുചേരുന്ന കള്ളനോട്ടുകളാണ് ജനത്തെ വെട്ടിലാക്കുന്നത്. കള്ളനോട്ടാണെന്ന് തിരിച്ചറിഞ്ഞ് നൽകിയ ആളെ സമീപിക്കുന്നവർക്ക് നിരാശയായിരിക്കും ഫലം. ഇത്തരം സന്ദർഭങ്ങളിൽ നോട്ട് നൽകിയ വ്യക്തി കൈമലർത്താറാണ് പതിവ്. കള്ളനോട്ട് ബാങ്കിലെത്തിയാൽ ഇടപാടുകാരന്റെ നിരപരാധിത്വം ബോധ്യപ്പെട്ടാൽ അധികൃതർ, നിയമ നടപടികൾക്ക് പൊതുവെ മുതിരാറില്ല. നമ്പർ ഭാഗം മുറിച്ചു മാറ്റിയും കുറുകെ വരച്ചും തുടർ പ്രചാരണം തടസ്സപ്പെടുത്തുകയോ കത്തിച്ചുകളയുകയോ ആണ് പതിവ്.

എന്താണ് ഇതിനു കാരണം ആർ.ബി.ഐ പരസ്യപ്പെടുത്തുന്ന യഥാർഥ കറൻസിയുടെ സവിശേഷതകൾ സാമാന്യ ജനത്തിന് പരിശോധിച്ചറിയാൻ കഴിയാത്തത് കള്ളനോട്ടുകളുടെ പ്രചാരണത്തിന് ഒരു പരിതി വരെ സഹായകമാകുന്നു. കഴിഞ്ഞ വർഷം നവംബർ 8 നാണ് കേന്ദ്രസർക്കാർ കള്ളപണവും കള്ളനോട്ടും തടയുന്നതിനായി അഞ്ഞൂറിന്റെയും ആയിരം രൂപയുടെയും നോട്ടുകൾ അസാധുവാക്കിയത്?. എന്നാൽ നോട്ട് നിരോധനം ഗവൺമെന്റ് ഉദ്ദേശിച്ച ഫലം കണ്ടില്ല എന്നാണ് ഈ വാർത്തകളിലൂടെ മനസ്സിലാക്കുവാൻ കഴിയുന്നത്. ഒന്ന് അറിഞ്ഞിരിക്കുന്നത് നല്ലതാണ്, ഇന്ത്യ മാത്രം നേരിടുന്ന ഒരു ഭീഷണി അല്ല കള്ളപണത്തിന്റെയും കള്ളനോട്ടുകളുടെയും. ലോകത്തു ഏതാണ്ട് എല്ലാ രാജ്യങ്ങളിലും തന്നെ കള്ളനോട്ടുകൾ ഉണ്ട്. ലോകത്തിലെ തന്നെ ഏറ്റവും ശക്തമായ സാമ്പത്തിക വ്യവസ്ഥിതിക്ക് ഉടമയായ രാജ്യത്തിലെ അന്വേഷണ ഏജൻസികളായ സിഐഎയും ഏഫ്ബിഐയും ആതീവ ജാഗ്രതയോടെ കാത്തു സൂക്ഷിച്ചിട്ടും അമേരിക്കയിലും കള്ളനോട്ട് ധാരാളം ഉണ്ട്. മാത്രമല്ല 2016–ൽ മാത്രം അമേരിക്ക 3028 കള്ളനോട്ടടിക്കാരെ അറസ്റ്റ് ചെയ്ത് 26 കോടി ഡോളറിന്റെ കള്ളനോട്ട് പിടിച്ചെടുത്തു. ഏറ്റവും പുതിയ വിവരം അനുസരിച്ച് ഇപ്പോഴും അമേരിക്കൻ മാർക്കറ്റിൽ നൂറു കോടിയുടെ വ്യാജൻ കറങ്ങുന്നുണ്ട് എന്നാണു കണക്ക്. ബ്രിട്ടനിൽ ഒരു വർഷം കുറഞ്ഞത് മൂന്നു ലക്ഷം എണ്ണം വ്യാജ കറൻസി നോട്ടുകൾ പിടിച്ചെടുക്കുന്നു. യൂറോപ്യൻ യൂണിയന്റെ നാണയമായ യൂറോ പുറത്തിറങ്ങി അധികം താമസിക്കാതെ തന്നെ യൂറോയുടെ വ്യാജനും ഇറങ്ങി. ഒരു വർഷം യൂറോപ്പിൽ പിടിക്കുന്നത് 19 കോടിയുടെ വ്യാജ യൂറോ കറൻസികൾ. ഇന്ത്യയിൽ ഇറങ്ങുന്ന കള്ളനോട്ടിൽ കുറെയേറെ പാകിസ്ഥാനിലെ തീവ്രവാദികൾ അടിക്കുന്നതുതന്നെയാണ്. പക്ഷെ, നാം മനസിലാക്കേണ്ടത് നാളെ നമ്മുടെ ശത്രു രാജ്യങ്ങൾ ഇല്ലാതായാലും ഇന്ത്യയിൽ കള്ളനോട്ട് ഉണ്ടാവുക തന്നെ ചെയ്യും എന്നതാണ്. കാരണം, ശത്രുരാജ്യം മാത്രമല്ല, നമ്മുടെ രാജ്യത്തിന് ഉള്ളിലെ ആളുകളും കള്ളനോട്ടുകൾ ധാരാളം അടിച്ചിറക്കാറുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ വേരുകളുള്ള ആ സംഘങ്ങളിൽ ചിലത് അടുത്തിടെ പോലീസിന്റെ പിടിയിലാവുകയും ചെയ്തു. ഇന്ത്യയിലെപോലെ തന്നെ അമേരിക്കയിലും നല്ലൊരു പങ്ക് കള്ളനോട്ടുകൾ ആ രാജ്യത്തെ തന്നെ വ്യക്തികൾ ഇറക്കുന്നതാണ്. പക്ഷെ, ഈ കാര്യം അധികം മിണ്ടാതെ, ‘ശത്രുരാജ്യമാണ് വ്യാജൻ മുഴുവൻ അച്ചടിച്ചിറക്കുന്നത്’ എന്നുപറയുന്ന ഒരുതരം പ്രതിരോധനയതന്ത്ര കളിയും ഒരു രാഷ്ട്രതന്ത്രവും ആണ്.

ഇതെല്ലാം സത്യമായിരിക്കുമ്പോൾ ആരു ഇറക്കിയാലും കള്ളനോട്ടുകൾ തടയപ്പെടണം. അല്ലെങ്കിൽ ഏതു രാജ്യവും തങ്ങളുടെ സാമ്പത്തിക മേഖല തകർന്ന് ദാരിദ്ര്യത്തിലേക്ക് വഴുതി വീഴും. ഈ വിവരം വ്യക്തമായി അറിയാവുന്ന ഗവൺമെന്റുകൾ കള്ളനോട്ടുകൾ തടയാനായി രണ്ടു കാര്യങ്ങൾ ആണ് ഇന്ന് ലോകരാജ്യങ്ങളിൽ ചെയ്യുന്നത്. 1. പഴയ നോട്ടുകൾ വിപണിയിൽനിന്നു പിൻവലിച്ച് തങ്ങളുടെ പേപ്പർ കറൻസികൾ കൂടുതൽ സുരക്ഷാഫീച്ചറുകളോടെ പരിഷ്കരിച്ച് ഇറക്കുക 2. ഒരിക്കലും കള്ളന്മാർക്ക് വ്യാജൻ അടിക്കാൻ കഴിയാത്ത രൂപത്തിലേക്ക് കറൻസിയെ മാറ്റുക. കഴിഞ്ഞ അമ്പത് വർഷത്തിനിടെ അനവധി തവണ അമേരിക്ക അവരുടെ മൂല്യംകൂടിയ നോട്ടുകൾ കൂടുതൽ സുരക്ഷാ ഫീച്ചറുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ചു. പഴയ നോട്ടുകൾ പിൻവലിച്ചു പുതിയത് ഇറക്കി. ഇന്ത്യ അടക്കുമുള്ള പല രാജ്യങ്ങളും ഇത് ചെയ്യുന്നുണ്ട്. അതുമാത്രമല്ല കള്ളനോട്ടുകൾ തടയാൻ ലോകമെങ്ങും രാജ്യങ്ങൾ നടത്തുന്ന ശ്രമങ്ങളിലെ നിർ

05

LEAD Institute 2017
LEADERSHIP EMPOWERMENT AND DISCIPLESHIP INSTITUTE
45 വയസ്സു വരെ പ്രായം ഉള്ള സഭാശുശ്രൂഷകന്മാർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ആത്മീക നേതൃത്വപരിശീലനം
സമകാലികവും വൈവിദ്ധ്യവുമായ വിഷയങ്ങളിൽ...
- മാറുന്ന ലോകത്തിലെ ക്രിസ്തീയ ശുശ്രൂഷ
- സഭാവളർച്ച
- കൗൺസലിംഗ്
- നേതൃത്വപരിശീലനം
- ദൗത്യനിർവ്വഹണവും വെല്ലുവിളികളും
കർത്താവിൽ പ്രസിദ്ധരായ വേദപണ്ഡിതന്മാർ ക്ലാസ്സുകൾ നയിക്കുന്നു.
പ്രത്യേക വർക്ക്ഷോപ്പ് | വചന ധ്യാനം | ഗ്രൂപ്പ് ചർച്ചകൾ | ആരാധന
സ്ഥലം : ഐ. പി. സി തിയോളജിക്കൽ സെമിനാരി കോട്ടയം
തീയതി : 2017 ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ
രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല!
മുൻ കൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക് മാത്രം പ്രവേശനം!
രജിസ്റ്റർ ചെയ്യുന്നവർ എല്ലാ സെഷനുകളിലും നിർബന്ധമായും പങ്കെടുത്തിരിക്കണം.
വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ : 8129687374, 9400716772

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 04

BELIEVERS JOURNAL

PUBLISHED ON 25/02/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"

# ബഥേൽ പ്രയർ മിനിസ്ട്രി ചാരിറ്റബിൾ ട്രസ്റ്റ്

## ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്

ഇഞ്ചക്കാട് ടൗൺ ചർച്ച്, ബഥേൽ ഹൗസ്, എം. സി. റോഡ്, കൊട്ടാരക്കര

### പ്രയർ മീറ്റിംഗുകൾ

സഭായോഗവും ആരാധനയും: ഞായർ 9am -12 pm
വിടുതൽ ശുശ്രൂഷ: ചൊവ്വാ 10 am -1 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10 am -1 pm
(എല്ലാ മാസത്തിന്റെയും അവസാന വെള്ളി, ശനി ദിവസങ്ങളിൽ 10 am -1 pm ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു)

ഓൾ നൈറ്റ് പ്രയർ: എല്ലാ മാസവും മൂന്നാം വെള്ളി രാത്രി 9 മണി മുതൽ



പാസ്റ്റർ വിജു ഡാനിയേൽ

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ വിജു ഡാനിയേൽ, ഫോൺ 8075453033

# കൃപാ സ്റ്റീൽ ഇൻഡസ്ട്രീസ്

എം. സി. റോഡ്, ഏനാത്ത്
ഫോൺ: 9847740055 / 9745634693
Email: kripasteels@gmail.com

Distributers in Wholesale & Retail

**DISTRIBUTERS IN:** സ്റ്റെയിലൻസ് സ്റ്റീൽ പൈപ്പുകൾ, സ്ക്വയർ പൈപ്പുകൾ, ഷീറ്റുകൾ, കമ്പികൾ, ഡിസൈൻ ഗ്രില്ലുകൾ, ഡിസൈൻ പൈപ്പുകൾ, ബോളുകൾ, ഹോളോ ബോളുകൾ, ബോൾ സെറ്റുകൾ, ചെയിനുകൾ തുടങ്ങി എല്ലാവിധ സ്റ്റെയിലൻസ് സ്റ്റീൽ മെറ്റീരിയലുകളും ഫിറ്റിംഗ്സുകളും ഏറ്റവും കുറഞ്ഞ (ഹോൾ സെയിൽ & റീട്ടെയിൽ) നിരക്കിൽ വിൽക്കപ്പെടുന്നു.

### ബ്രാഞ്ചുകൾ

ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശം
കരവാളൂർ, പുനലൂർ ഫോൺ: 9747242766

കുരിശ്ശിൻമൂട് ജംഗ്ഷൻ ചെങ്കുളം,
ഓയൂർ ഫോൺ: 9656869868

# ദി ഇമ്മാനുവേൽ സ്റ്റീൽസ് & മെറ്റൽസ്

എം. സി. റോഡ്, ഏനാത്ത് ഫോൺ: 9645513061, Email: theimmanuelsteels@gmail.com

### ബ്രാഞ്ചുകൾ

പൂതക്കുഴി ജംഗ്ഷൻ, നെടിയവിള (പുത്തൂർ)
ഫോൺ: 8086876553

എം. സി. റോഡ്, കുരമ്പാല, പന്തളം
ഫോൺ: 9562285902

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.